Reg: No K 81

തൊഴിലാളി

Founder: Father Vadakkan : Managing Editor B. Wellington B A.

പുസ്തകം 12 | ലക്കം 132 | 1965 മേയ് 20 വ്യാഴം | തൃശൂർ | വില 7 പൈസ | പേജ് 4

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വാരാന്ത്യപ്പതിപ്പ്

	പോസ്റ്റ്ഡ്	പോസ്റ്റ്വഴി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് ഓടുകൂടെ		2_10
മാറ്റുപതിപ്പ്	0_07	0_10

മാനേജർ

മണ്ണെണ്ണയുടെ കാര്യത്തിൽ ആശങ്ക വേണ്ടെന്ന

ന്യൂഡൽഹി, മേ 19

ഇന്ത്യയിലെവിടെയെങ്കിലും മണ്ണെണ്ണക്കും ഡീസൽ ഓയിലിനും ഏതെങ്കിലും വിധത്തിൽ കുറവുണ്ടെന്നതിനെപ്പറ്റി ആശങ്കിക്കേണ്ടതില്ലെന്ന് പെട്രോളിയം-കെമിക്കൽസ് മന്ത്രി കാര്യാലയത്തിൻറെ പത്രക്കുറിപ്പിൽ പറയുന്നു.

പഞ്ചമാസങ്ങളിൽ അരിറേഷൻ വർദ്ധിപ്പിക്കുന്ന പ്രശ്നം പരിഗണനയിൽ

ഡൽഹിയിൽ ചെന്നാലുടനെ തീരുമാനമുണ്ടാകുമെന്ന് ഭക്ഷ്യമന്ത്രി സുബ്രഹ്മണ്യം

ദക്ഷിണഭക്ഷ്യമേഖലാപ്രശ്നം അടുത്ത മുഖ്യമന്ത്രിമാരുടെ കോൺഫറൻസിൽ ചർച്ച ചെയ്യും

ഇന്ത്യയിലെ ഭക്ഷ്യനിലയിൽ മന്ത്രിയ്ക്ക് സംതൃപ്തി

(പി ടി ഐ) തിരുവനന്തപുരം, മേ 19

കേരളത്തിലെ പഞ്ചമാസങ്ങളായ ജൂൺ, ജൂലയ്, ആഗസ്റ്റ് എന്നീ മാസങ്ങളിൽ അരിറേഷൻ വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച പ്രശ്നം താൻ പരിശോധിക്കുന്നതാണെന്ന് കേന്ദ്ര-ഭക്ഷ്യകാര്യമന്ത്രി മി. സി. സുബ്രഹ്മണ്യം ഇന്നിവിടെ ഒരു വത്സമ്മേളനത്തിൽ പറഞ്ഞു. ഇപ്പോഴത്തെ ആറ് ഔൺസ് അരിയും ആറ് ഔൺസ് ഗോതമ്പുമാണ് കേരളത്തിൽ റേഷൻ നൽകി വരുന്നത്.

പഞ്ചമാസങ്ങളിൽ കാപ്പൻമാക്കാറിൽ അരി പരിമിതമായിരിക്കുമെന്നാണ് ഇന്നലെ തിരുവനന്തപുരത്ത് പോന്ന ഭക്ഷ്യോപദേശകസമതിയുടെ പൊതുയോഗത്തിൽ അഭിപ്രായമെന്നും അദ്ദേഹം പറഞ്ഞു. അരിയുടെ റേഷൻ വർദ്ധിപ്പിക്കണമെന്ന് ഈ യോഗത്തിൽ ശക്തിയായി വാദിക്കപ്പെട്ടുകയുണ്ടായി.

താൻ ഡൽഹിയിലെത്തിയാലുടനെ ഇതുസംബന്ധിച്ച ഒരു തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു. ഇപ്പോഴത്തെന്നെ ഒരു ഞെരുങ്ങിയ അരി ബഡ്ജറ്റാണ് കൊണ്ടുവരുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. കേരളത്തിന് വീണ്ടും കുറെ അരി വാഗ്ദാനം ചെയ്യുകയാണെങ്കിൽ, അതു വിതരണം ചെയ്യുവാൻ തങ്ങൾക്ക് കഴിയുമോ എന്നും നോക്കേണ്ടതുണ്ടെന്നും മി. സുബ്രഹ്മണ്യം പറഞ്ഞു.

വിതരണസംവിധാനത്തെ സംബന്ധിച്ച് ഇപ്പോൾ പൊതുവെ സംതൃപ്തിയുണ്ടെന്നാണ് തൻറെ ധാരണയെന്നും മന്ത്രി പ്രസ്താവിച്ചു.

കേരളത്തിൽ സ്റ്റാറ്റുട്ടറി റേഷനിങ് വേണ്ടെന്നാണ് ഇന്നലത്തെയോഗത്തിൻറെ അഭിപ്രായം സിദ്ധാന്തപരമായി അതൊരു പറയ പരിഹാരമാണ്, എന്നാൽ അതു നടപ്പാക്കുന്നതിൽ വളരെ ബുദ്ധിമുട്ടുകളുണ്ടെന്നു മന്ത്രി പറഞ്ഞു.

തൃപ്തികരം

1964 65 കാലത്തെ ഉല്പാദനം വർദ്ധിച്ചതിനാൽ രാജ്യത്തെ പൊതുഭക്ഷ്യനില ഇപ്പോൾ തൃപ്തികരമാണെന്ന് മി. സുബ്രഹ്മണ്യം പറഞ്ഞു. കഴിഞ്ഞകൊല്ലത്തെ ഭക്ഷ്യോല്പാദനം 7.98 കോടി ടൺ ആയിരുന്നു. ഈ വർഷം അതു 8.72 കോടി ടണ്ണായി വർദ്ധിച്ചു.

ഈ വർഷത്തെ അരി ഇറക്കുമതി 7.5 ലക്ഷം ടൺ ആണ്. ഈ വർഷം ഇന്ത്യയിൽ 3.85 കോടി ടൺ അരിയുണ്ടായിരുന്നു. നമ്മുടെ ഉല്പാദനം 4കോടി ടണ്ണിൽനിന്നും ഉയർന്നാൽ ഇറക്കുമതി തീർത്തും വേണ്ടെന്നുവെക്കാമെന്നും ഭക്ഷ്യമന്ത്രി പറഞ്ഞു.

1965_66 കാലത്തേയ്ക്ക് ഈ ലക്ഷ്യം നേടുമെന്നു അദ്ദേഹം പ്രത്യാശിച്ചു.

ഈ വർഷത്തെ മൊത്തം ഭക്ഷ്യോല്പാദനം 8.72കോടിടണ്ണിലേക്ക് ഉയർത്താൻ കഴിഞ്ഞത് ഭക്ഷ്യമന്ത്രികാര്യാലയത്തിൻറെ കുറെ വിജയം നേടിയിട്ടുണ്ടെന്ന് തനിക്ക് അവകാശപ്പെടാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. വിതരണത്തേക്കാൾ കൂടുതൽ ഉല്പാദനമുണ്ടാക്കുന്നതിനെ ആശ്രയിച്ചാണ്, ഭാവിയുടെ ഭക്ഷ്യമന്ത്രികാര്യാലയത്തിൻറെ വിജയം നിലകൊള്ളുന്നത്.

ദക്ഷിണമേഖലാ പ്രശ്നം

കേരളത്തിൽ ഭക്ഷ്യനില ഒരുപ്പെട്ടുത്താൻ സാധിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ദക്ഷിണ ഭക്ഷ്യമേഖല പുനഃസ്ഥാപിക്കുന്നതിന് കാരണമെന്തുണ്ടെന്ന് പത്രലേഖകർ പോദിച്ചു. ഒരേസമയത്ത് ഇൻഫോർമൽ രേഷനിംഗും സംസ്ഥാനങ്ങൾ തമ്മിലുള്ള സ്വതന്ത്രവ്യാപാരവും അനുവദിക്കുക സാധ്യമല്ലെന്ന് മി. സുബ്രഹ്മണ്യം പറഞ്ഞു. ഇപ്പോൾ അരിയുടെ നീക്കം സംസ്ഥാനങ്ങൾ തമ്മിലുള്ള സ്വതന്ത്രവ്യാപാരത്തിനായി മേഖല ആരംഭിക്കുകയാണെങ്കിൽ, കേരളത്തിലെ വ്യാപാരികൾ അയൽസംസ്ഥാനങ്ങളിൽ പോയി അരിവാങ്ങി, അവക്കിഷ്ടമുള്ള വിലയ്ക്ക് അരിവിൽക്കും. വ്യാപാരികളെ അങ്ങനെ ചെയ്യുവാൻ അനുവദിക്കില്ല. പാവങ്ങളായ ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. കുറച്ചു വില കൂടുതൽ നൽകാൻ കഴിവുള്ളവർ അവരുടെ ആവശ്യത്തിനു തുറന്മാർക്കറിൽനിന്നും അരിവാങ്ങിയേക്കാം. വില വർദ്ധിപ്പിക്കുകയും കഴിഞ്ഞകാലത്തെപ്പോലെ ഒരു പ്രതിസന്ധി വീണ്ടും സംജാതമാക്കുകയും ചെയ്യുന്നതിനു അനുവദിക്കുവാൻ സാധ്യമല്ല.

അഖിലേന്ത്യാ അടിസ്ഥാനത്തിൽ കാരോ സംസ്ഥാനവും കാരോ ഭക്ഷ്യമേഖലയാണ്. ഇക്കാര്യത്തിൽ എന്തെങ്കിലുമൊരു പുതിയ തീരുമാനമെടുക്കുവാൻ ഇപ്പോൾ കഴിയില്ല. അടുത്ത മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഇക്കാര്യം വീണ്ടും ചർച്ചചെയ്യുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ വിതരണം ചെയ്യപ്പെടുന്ന അരിയുടെ ഗുണത്തെപ്പറ്റിയും, പ്രത്യേകിച്ച് പച്ചരിയെപ്പറ്റി ഉണ്ടായിട്ടുള്ള ഏതാനും പരാതികളെപ്പറ്റിയും മന്ത്രി പരാമർശിച്ചു. അരിയുടെ സ്റ്റോക്ക് എടുത്തുകൊണ്ടിരിക്കുന്ന ഭക്ഷ്യകോർപ്പറേഷനോട് അരിയുടെ ഗുണം നിലനിർത്തണമെന്നതിനെപ്പറ്റി ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. കപ്പലിറക്കൽ കൺട്രോൾ ഇൻസ്പെക്ടർമാരുടെ പരിശീലനം, ഗുണം സംബന്ധിച്ച ശാസ്ത്രീയപരിശോധനക്കായുള്ള ഏതാനും ലാബോറട്ടറികളുടെ സ്ഥാപനം,സംഭരണസ്ഥിതി മെച്ചപ്പെടുത്തൽ എന്നിവപോലുള്ള കാര്യങ്ങൾക്കായി ഭക്ഷ്യകോർപ്പറേഷൻ നടപടികളെടുത്തുകഴിഞ്ഞു.

പുഴക്കലരിയുടെ കാര്യത്തിൽ കേരളീയർക്ക് മുൻഗണന നല്കണമെന്ന നിർദ്ദേശത്തെ അദ്ദേഹം സ്വാഗതം ചെയ്തു. ബർമ്മ, തായ്ലണ്ട് എന്നിവിടങ്ങളിൽനിന്നും ഒരു പരിധിവരെ അമേരിക്കയിൽനിന്നും ലഭിക്കുന്നതു പുഴുക്കലരിയാണ്.

വെല്ല പുഴുങ്ങുന്നതിനു ആധുനികസമ്പ്രദായത്തിലുള്ള 6 പുതിയ അരിമില്ലുകൾ സ്ഥാപിക്കുവാൻ പോകുകയാണെന്നും മന്ത്രി അറിയിച്ചു.

എറണാകുളത്തു് സെൻട്രൽബേക്കറി

ഒരു സെൻട്രൽ ബേക്കറി എറണാകുളത്തു് സ്ഥാപിക്കുന്നതാണെന്നു് മന്ത്രി അറിയിച്ചു. കൊച്ചൻ സഹായമന്ത്രി ചൂണ്ടിക്കാട്ടിയതനുസരിച്ച് ആസ്ത്രേലിയായിൽനിന്നു് ലഭിക്കുന്ന ആധുനിക ബേക്കറി യൂണിറ്റുകളിലൊന്നാണിതു്. മറ്റുള്ള മദിരാശി, ബോംബെ, കൽക്കട്ട, ഡൽഹി, കാൻപൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കും. ഓരോന്നിനും 8 ലക്ഷം രൂപാവീതം ചിലവുവരും. ആദ്യമായി എറണാകുളത്തു യൂണിറ്റുപ്രവർത്തനമാരംഭിക്കുമെന്നു് മന്ത്രി പ്രത്യേകം പ്രസ്താവിച്ചു. ആദ്യ യൂണിറ്റുകൂടി സ്ഥാപിക്കുന്നതിനും മറ്റൊരു രാജ്യവുമായി ഇപ്പോൾ കൂടിയാലോചനകൾ നടന്നുവരികയാണെന്നും അദ്ദേഹം പറഞ്ഞു.

ഉല്പാദനവർദ്ധനവ് ഏക പരിഹാരമാർഗ്ഗം

ഭക്ഷ്യപ്രശ്നത്തിനുള്ള ഏക പരിഹാരം ഉല്പാദനവർദ്ധനവ് മാത്രമാണെന്നു് മി. സുബ്രഹ്മണ്യം പറഞ്ഞു. ഉല്പാദനപരിപാടിയെക്കുറിച്ച് താൻ കേരളഗവണ്മെന്റുമായി ചർച്ചകൾ നടത്തുകയുണ്ടായെന്നു് അദ്ദേഹം പറഞ്ഞു. ഇതുസംബന്ധിച്ച് കേരളഗവണ്മെന്റ് കേന്ദ്രത്തിലേയ്ക്കു് ഒരു റിപ്പോർട്ടു് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു പ്ലാനിങ്ങ് കമ്മീഷൻ ഉദ്യോഗസ്ഥൻ ഇവിടെ സന്ദർശിക്കുകയും തൻറെ റിപ്പോർട്ടു് സമർപ്പിക്കുകയുമുണ്ടായി. ഉല്പാദനവർദ്ധനവ് സംബന്ധിച്ചു കേന്ദ്രഗവണ്മെന്റു് കഴിയുംവേഗത്തിൽ ഒരു തീരുമാനമെടുക്കുന്നതാണെന്നു് മി. സുബ്രഹ്മണ്യം തുടർന്നു പറഞ്ഞു.

....

അരിക്കാര്യത്തിൽ കേരളം സ്വയംപര്യാപ്തി നേടില്ലന്ന്

[പി ടി ഐ] കോഴിക്കോട്ട് മേ. 19

അരിയുടെ കാര്യത്തിൽ കേരളം കരിക്കലും സ്വയംപര്യാപ്തി നേടുകയില്ലെന്നു് പ്ലാനിംഗ് കമ്മീഷൻ ഉപദേഷ്ടാവായ മി. പി പി. ഐ. വൈദ്യനാഥൻ പ്രസ്താവിച്ചിരിക്കുന്നു.

കൃഷിയോടനുബന്ധിച്ച കാര്യങ്ങളിൽ കേരളത്തിലുണ്ടായിട്ടുള്ള പുരോഗതിയെ വിലയിരുത്തുന്നതിനായി ഇവിടെ എത്തിയിട്ടുള്ള പ്ലാനിംഗ് കമ്മീഷൻറെ ആഭിമുഖ്യത്തിലുള്ള ഒരു സ്വാഗതസംഘത്തെ നയിച്ചുണ് മി. വൈദ്യനാഥൻ ഇവിടെ എത്തിയിരിക്കുന്നതു്.

....

ബർമ്മയിൽനിന്നു മടങ്ങുന്നവർക്ക് പുനരധിവാസസൌകര്യം

(പി. ടി. ഐ) ജയപ്പൂർ മേയ് 18

ബർമ്മയിൽനിന്നും ഇന്ത്യയിലേക്ക് മടങ്ങുന്നതിനുള്ള പുനരധിവാസസൌകര്യങ്ങളും സംബന്ധിച്ച കേന്ദ്ര ഗവണ്മെണ്ടിൻറെ നിർദ്ദേശം രാജസ്ഥാൻ ഗവണ്മെണ്ടു് സ്വീകരിച്ചിരിയ്ക്കുന്നു.

ബിസിനസ് ആരംഭിക്കുന്നതിനു് 2000 രൂപ വായ്പ, തൊഴിലാളികൾക്കു് ജോലി ഏർപ്പാടാക്കുന്നതുൾപ്പെടെയുള്ള അഭിപ്രായമെന്നും അദ്ദേഹം പറഞ്ഞു. അരിയുടെ റേഷൻ വർദ്ധിപ്പിക്കണമെന്നു് ഈ യോഗത്തിൽ ശക്തിയായി വാദിക്കപ്പെട്ടുകയുണ്ടായി.

താൻ ഡൽഹിയിലെത്തിയാലുടനെ ഇതുസംബന്ധിച്ച ഒരു തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു. ഇപ്പോഴത്തെന്നെ ഒരു ഞെരുങ്ങിയ അരി ബഡ്ജറ്റാണു കൊണ്ടുവരുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു. കേരളത്തിനു് വീണ്ടും കുറെ അരി വാഗ്ദാനം ചെയ്യുകയാണെങ്കിൽ, അതു് വിതരണം ചെയ്യുവാൻ തങ്ങൾക്കു് കഴിയുമോ എന്നും നോക്കേണ്ടതുണ്ടെന്നും മി. സുബ്രഹ്മണ്യം പറഞ്ഞു.

വിതരണസംവിധാനത്തെ സംബന്ധിച്ചു് ഇപ്പോൾ പൊതുവെ സംതൃപ്തിയുണ്ടെന്നാണു് തൻറെ ധാരണയെന്നും മന്ത്രി പ്രസ്താവിച്ചു.

കേരളത്തിൽ സ്റ്റാറ്റുട്ടറി റേഷനിങ് വേണ്ടെന്നാണു് ഇന്നലത്തെയോഗത്തിൻറെ അഭിപ്രായം സിദ്ധാന്തപരമായി അതൊരു പറയ പരിഹാരമാണു്, എന്നാൽ അതു നടപ്പാക്കുന്നതിൽ വളരെ ബുദ്ധിമുട്ടുകളുണ്ടെന്നു മന്ത്രി പറഞ്ഞു.

തൃപ്തികരം

1964 65 കാലത്തെ ഉല്പാദനം വർദ്ധിച്ചതിനാൽ രാജ്യത്തെ പൊതുഭക്ഷ്യനില ഇപ്പോൾ തൃപ്തികരമാണെന്നു് മി. സുബ്രഹ്മണ്യം പറഞ്ഞു. കഴിഞ്ഞകൊല്ലത്തെ ഭക്ഷ്യോല്പാദനം 7.98 കോടി ടൺ ആയിരുന്നു. ഈ വർഷം അതു 8.72 കോടി ടണ്ണായി വർദ്ധിച്ചു.

ഈ വർഷത്തെ അരി ഇറക്കുമതി 7.5 ലക്ഷം ടൺ ആണു്. ഈ വർഷം ഇന്ത്യയിൽ 3.85 കോടി ടൺ അരിയുണ്ടായിരുന്നു. നമ്മുടെ ഉല്പാദനം 4കോടി ടണ്ണിൽനിന്നും ഉയർന്നാൽ ഇറക്കുമതി തീർത്തും വേണ്ടന്നുവെക്കാമെന്നും ഭക്ഷ്യമന്ത്രി പറഞ്ഞു.

1965_66 കാലത്തു് ഈ ലക്ഷ്യം നേടുമെന്നു് അദ്ദേഹം പ്രത്യാശിച്ചു.

ഈ വർഷത്തെ മൊത്തം ഭക്ഷ്യോല്പാദനം 8.72കോടിടണ്ണിലേക്ക് ഉയർത്താൻ കഴിഞ്ഞത് ഭക്ഷ്യമന്ത്രികാര്യാലയത്തിൻറെ കുറെ വിജയം നേടിയിട്ടുണ്ടെന്നു് തനിക്കു് അവകാശപ്പെടാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. വിതരണത്തേക്കാൾ കൂടുതൽ ഉല്പാദനമുണ്ടാക്കുന്നതിനെ ആശ്രയിച്ചാണു്, ഭാവിയുടെ ഭക്ഷ്യമന്ത്രികാര്യാലയത്തിൻറെ വിജയം നിലകൊള്ളുന്നതു്.

ദക്ഷിണമേഖലാ പ്രശ്നം

കേരളത്തിൽ ഭക്ഷ്യനില ഒരുപ്പെടുത്താൻ സാധിക്കുമെന്നു് പ്രതീക്ഷിക്കപ്പെടുന്ന ദക്ഷിണ ഭക്ഷ്യമേഖല പുനഃസ്ഥാപിക്കുന്നതിൽ കാരണമെന്തുണ്ടെന്നു് പത്രലേഖകർ പോദിച്ചു. ഒരേസമയത്തു് ഇൻഫോർമൽ രേഷനിംഗും സംസ്ഥാനങ്ങൾ തമ്മിലുള്ള സ്വതന്ത്രവ്യാപാരവും അനുവദിക്കുക സാധ്യമല്ലെന്നു് മി. സുബ്രഹ്മണ്യം പറഞ്ഞു. ഇപ്പോൾ അരിയുടെ നീക്കം സംസ്ഥാനങ്ങൾ തമ്മിലുള്ള സ്വതന്ത്രവ്യാപാരത്തിനായി മേഖല ആരംഭിക്കുകയാണെങ്കിൽ, കേരളത്തിലെ വ്യാപാരികൾ അയൽസംസ്ഥാനങ്ങളിൽ പോയി അരിവാങ്ങി, അവക്കിഷ്ടമുള്ള വിലയ്ക്കു് അരിവിൽക്കും. വ്യാപാരികളെ അങ്ങനെ ചെയ്യുവാൻ അനുവദിക്കില്ല. പാവങ്ങളായ ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടു്. കുറച്ചു വില കൂടുതൽ നൽകാൻ കഴിവുള്ളവർ അവരുടെ ആവശ്യത്തിനു് തുറന്മാർക്കറിൽനിന്നും അരിവാങ്ങിയേക്കാം. വില വർദ്ധിപ്പിക്കുകയും കഴിഞ്ഞകാലത്തെപ്പോലെ ഒരു പ്രതിസന്ധി വീണ്ടും സംജാതമാക്കുകയും ചെയ്യുന്നതിനു് അനുവദിക്കുവാൻ സാധ്യമല്ല.

അഖിലേന്ത്യാ അടിസ്ഥാനത്തിൽ കാരോ സംസ്ഥാനവും കാരോ ഭക്ഷ്യമേഖലയാണു്. ഇക്കാര്യത്തിൽ എന്തെങ്കിലുമൊരു പുതിയ തീരുമാനമെടുക്കുവാൻ ഇപ്പോൾ കഴിയില്ല. അടുത്ത മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ ഇക്കാര്യം വീണ്ടും ചർച്ചചെയ്യുമെന്നും മന്ത്രി പറഞ്ഞു.

കേരളത്തിൽ വിതരണം ചെയ്യപ്പെടുന്ന അരിയുടെ ഗുണത്തെപ്പറ്റിയും, പ്രത്യേകിച്ചു പച്ചരിയെപ്പറ്റി ഉണ്ടായിട്ടുള്ള ഏതാനും പരാതികളെപ്പറ്റിയും മന്ത്രി പരാമർശിച്ചു. അരിയുടെ സ്റ്റോക്ക് എടുത്തുകൊണ്ടിരിക്കുന്ന ഭക്ഷ്യകോർപ്പറേഷനോടു് അരിയുടെ ഗുണം നിലനിർത്തണമെന്നതിനെപ്പറ്റി ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടെന്നു് മന്ത്രി അറിയിച്ചു. കപ്പലിറക്കൽ കൺട്രോൾ ഇൻസ്പെക്ടർമാരുടെ പരിശീലനം, ഗുണം സംബന്ധിച്ച ശാസ്ത്രീയപരിശോധനക്കായുള്ള ഏതാനും ലാബോറട്ടറികളുടെ സ്ഥാപനം,സംഭരണസ്ഥിതി മെച്ചപ്പെടുത്തൽ എന്നിവപോലുള്ള കാര്യങ്ങൾക്കായി ഭക്ഷ്യകോർപ്പറേഷൻ നടപടികളെടുത്തുകഴിഞ്ഞു.

പുഴക്കലരിയുടെ കാര്യത്തിൽ കേരളീയർക്കു് മുൻഗണന നല്കണമെന്ന നിർദ്ദേശത്തെ അദ്ദേഹം സ്വാഗതം ചെയ്തു. ബർമ്മ, തായ്ലണ്ടു് എന്നിവിടങ്ങളിൽനിന്നും ഒരു പരിധിവരെ അമേരിക്കയിൽനിന്നും ലഭിക്കുന്നതു് പുഴുക്കലരിയാണു്.

വെല്ല പുഴുങ്ങുന്നതിനു് ആധുനികസമ്പ്രദായത്തിലുള്ള 6 പുതിയ അരിമില്ലുകൾ സ്ഥാപിക്കുവാൻ പോകുകയാണെന്നും മന്ത്രി അറിയിച്ചു.

തിരുമലൈ ക്ഷേത്രത്തിലേക്ക് വൈദ്യുത റോപ്വെ

[പി ടി ഐ] തിരുപതി, [ആന്ധ്ര] മേ 19

തിരുപതിയിൽനിന്നും കുന്നിൻ മുകളിലുള്ള തിരുമലൈ ക്ഷേത്രത്തിലേക്ക് എത്തിക്കുന്നതിനായി ഒരു വൈദ്യുത റോപ്വെ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ ഒരു സംഘം ജപ്പാനീസ് വിദഗ്ദ്ധന്മാർ ഇപ്പോൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണു്.

റോപ്വെയുടെ നിർമ്മാണം കഴിയുമ്പോൾ കുന്നിൻമുകളിൽനിന്നും മുകളിലേക്ക് ദീവസംപ്രതി പതിനായിരത്തിലധികം തീർത്ഥാടകരെ കൊണ്ടുപോകുവാൻ സാധിക്കുമെന്നു് കണക്കാക്കപ്പെടുന്നു.

....

12_ാമത്തെ റോക്കറ്റ് വിക്ഷേപിച്ചു

പി ടി ഐ തിരുവനന്തപുരം, മേ 19

തുമ്പയിലെ റോക്കറ്റ് വിക്ഷേപണകേന്ദ്രത്തിൽനിന്നു് ഇന്നു് രാവിലെ 12_34നു് 12_ാമത്തെ ജൂഡി-ഡാർട്ട് റോക്കറ്റ് വിക്ഷേപിച്ചിരിക്കുന്നു, ഉയർന്നഅന്തരീക്ഷത്തിലെ കാറ്റിൻറെ ഗതി അളക്കുകയാണിതിൻറെ ലക്ഷ്യം. പരീക്ഷണം തൃപ്തികരമായിരുന്നുവെന്നു് ഡയറക്ടർ മി. എച്ച്. ജി. എസ്സ്. മൂർത്തി പറഞ്ഞു.

.....

പ്രതിരോധവാരം ആചരിക്കാൻ ആഹ്വാനം

[പി. ടി. ഐ.] തിരു. മേ. 19

പണ്ഡിറു നെഹ്രുവിൻറെ പ്രഥമ ചരമവാർഷികത്തോടനുബന്ധിച്ചു് മേയ് 21 മുതൽ 27വരെ പ്രതിരോധവാരമായി ആചരിക്കുവാൻ ഐ.എൻ.ടി.യു.സി.യോടു് സംസ്ഥാന പ്രസിഡന്റു് ശ്രീ സി. എം. സ്റ്റീഫൻ തൊഴിലാളികളോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

ജനാധിപത്യം, സോഷ്യലിസം, മതേതരത്വം എന്നിവ സംബന്ധിച്ച നെഹ്രുവിൻറെ ആദർശങ്ങൾ പ്രചരിപ്പിക്കുവാനും രാഷ്ട്രം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന അടിയന്തിരാവസ്ഥയിലേക്കു് പൊതുജന ശ്രദ്ധതിരിക്കുന്നതിനുമായിട്ടുള്ള വിരുതിൽപൊതുയോഗങ്ങൾ കൂടുവാൻ മി. സ്റ്റീഫൻ തൊഴിലാളികളോടു് ആഹ്വാനംചെയ്തു.

— ....

അതിർത്തിയിലെ പാക് സൈനിക കേന്ദ്രീകരണം

ഉടനടി പിൻവലിക്കാൻ ഇന്ത്യാ ഗവർമ്മെണ്ടിൻറെ കുറിപ്പ്

[പി ടി ഐ] ന്യൂഡൽഹി മേ. 19

പൂഞ്ചുപാകിസ്ഥാനും ഇന്ത്യക്കുമിടയിലുള്ള അതിർത്തിയിലുണ്ടായിട്ടുള്ള നിലവിലുള്ള പാക്കിസ്ഥാനി സേനാകേന്ദ്രീകരണം ഇന്ത്യ ഗുരുതരമായി വീക്ഷിക്കുകയും സമാധാനപരമായ സ്ഥിതി നിലനിർത്തുന്നതിനായി അതിർത്തിപ്രദേശത്തുനിന്നും സേനകളെ ഉടനടി പിൻവലിക്കണമെന്നും പാക്കിസ്ഥാൻഗവണ്മെണ്ടിനോടു് ഇന്ത്യാഗവർമ്മെണ്ടു് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

ഇവിടെയുള്ള പാക്കിസ്ഥാൻ ഹൈക്കമ്മീഷണറുക നൽകിയ ഒരു കുറിപ്പിലാണു് ഇന്ത്യ ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നതു്. പാക്കിസ്ഥാനിസേനകൾ പ്രകോപനപരവും ആക്രമാത്മകവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നതു് അതിർത്തിയിൽ സംഘർഷത്തിന്നിടയാക്കിയിരിക്കുന്നുവെന്നു് കുറിപ്പിൽ പറയുന്ന പാശ്ചിമബങ്കാം ചീഫ് സെക്രട്ടറിയും പൂഞ്ചുപാക്കിസ്ഥാൻ ചീഫ് സിക്രട്ടറിയും തമ്മിൽ ഇയ്യിടെ ഉണ്ടാക്കിയ കരാറിൻറെ വ്യക്തമായ ലംഘനമാണു് അതിർത്തിയിലെ ഇത്തരത്തിലുള്ള സൈനികകേന്ദ്രീകരണം മൂലം നടന്നിരിക്കുന്നതു്.

ഹോഗ്രാമിന്നുള്ള ഇന്ത്യൻ സൈനിക കേന്ദ്രീകരണം

ക്കുന്നുവെന്ന പാക്കിസ്ഥാനി ആരോപണം തീർത്തും അടിസ്ഥാനരഹിതമാണെന്നും പശ്ചിമബങ്കാം ചീഫ് സിക്രട്ടറി പ്രസ്താവിച്ചിരിക്കുന്നു. നേരെമറിച്ചു് ഇന്ത്യാ-പാക് അതിർത്തിയിലെങ്ങും വച്ചിരുന്നതായിട്ടുള്ള പാക്കിസ്ഥാനി സൈനികകേന്ദ്രീകരണം നടക്കുന്നതിൻറെ സൂചനകളാണുള്ളതെന്നും ചീഫ്സിക്രട്ടറി പൂഞ്ച് പാക്കിസ്ഥാൻ ചീഫ്സിക്രട്ടറിക്കു് നല്കിയ ഒരു കുറിപ്പിൽ പറഞ്ഞു. ഇതുമൂലം പ്രസ്തുത പ്രദേശങ്ങളും സംഘർഷാൽമകമാണു്.

....

പാക് വെടിവെപ്പ് തുടരുന്നു

ശ്രീനഗർ, മേ. 19

ജമ്മുകാശ്മീർ-പൂഞ്ച്പാകിസ്ഥാൻ അതിർത്തിയിലെ ലതിതില്ല-ദുമ്മാബാരി മേഖലയിൽ പൂഞ്ച്പാകിസ്ഥാൻ പട്ടാളക്കാർ ഇന്നു വെടിവെപ്പു് തുടരുകയുണ്ടായെന്നുദ്യോഗികമായിറിപ്പോർട്ടുചെയ്തിരിക്കുന്നു. ഇന്നലെ നാനൂറു റൌണ്ടു് നിറയൊഴിച്ചുവത്രെ.

ലതിതില്ല-സമബാരി മേഖലയിൽ കഴിഞ്ഞ നാലു് ദിവസമായി രണ്ടായിരം റൌണ്ടു് വെടിവെച്ചിട്ടുണ്ടു്.

....

കെ. കെ. മാത്യുവിനെ അഡീഷണൽ ജഡ്ജിയായി നിയമിച്ചു

(പി ടി ഐ) ന്യൂഡൽഹി, മെ 17

മി കട്ടിയിൽ കുരിയൻ മാത്യുവിനെ ജൂൺ 5 മുതൽ രണ്ടു് കൊല്ലത്തേക്കു് കേരള ഹൈക്കോടതിയിലെ അഡീഷണൽ ജഡ്ജിയായി പ്രസിഡന്റു് നിയമിച്ചിരിക്കുന്നു.

....

അമേരിക്കയുടെ കൂടുന്ന ആഫ്രോ-ഏഷ്യൻ കോൺഫറൻസ് ഇന്ത്യയുടെ ഭയത്തെപ്പറ്റി ജപ്പാനീസ് അമ്പാസിഡർ

(പി ടി ഐ) ടോക്യോ, മേ 19

അടുത്തമാസം അൾജിയേഴ്സിൽ കൂടുന്ന 2_ാം ആഫ്രോ-ഏഷ്യൻ കോൺഫറൻസ് കഴിയുന്നത്ര രചനാത്മകമാക്കുന്നതിനു് ഇന്ത്യ എല്ലാ ശ്രമങ്ങളും നടത്തുമെന്നു് പ്രതീക്ഷിക്കുന്നതായി ഇന്ത്യയിലെ ജപ്പാനീസ് അമ്പാസിഡർ മി. ഒസാമു ഇതഗാകി പ്രസ്താവിച്ചിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് ചൈനയും ഇന്തോനേഷ്യയും തമ്മിൽ ഇപ്പോഴുള്ള കൂട്ടിനെപ്പറ്റിയും അദ്ദേഹം അനുസ്മരിച്ചു. കമ്മ്യൂണിസ്റ്റ് ചൈനയുടേയും ഇന്തോനേഷ്യയുടേയും സ്വാധീനത്തിൽ കോൺഫറൻസ് നടന്നേക്കുമോ എന്നു് ഇന്ത്യ ഭയപ്പെടുന്നു അതാണു്, ഇന്ത്യ ജപ്പാനുമായി സഹകരിക്കുന്നതിനുദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

പത്രങ്ങളുടെ മൈനിച്ചി ഗ്രൂപ്പ് ഏർപ്പെടുത്തിയ ഒരു പനൽ ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്തോനേഷ്യയിലെ ജപ്പാനീസ് അമ്പാസിഡർ മി. ഷിസെയ്തോയും പങ്കെടുത്തു. മലയേഷ്യയെ കോൺഫറൻസിലേക്കു് ക്ഷണിക്കുകയാണെങ്കിൽ 2_ാം ആഫ്രോ-ഏഷ്യൻ കോൺഫറൻസിനെ ഇന്തോനേഷ്യ ബഹിഷ്കരിക്കുന്നതിനു് സാധ്

തൊഴിലാളി

പോസ്റ്റ്ബോക്സ് 90
ടെലഫോൺ 125

1965 മേയ് 20-ാംനു- വ്യാഴം

ഇന്ത്യൻ നേതാക്കന്മാരുടെ വിദേശസഞ്ചാരങ്ങൾ

....o....

രാജാധികാരത്തിൽനിന്നു് ലോകരാഷ്ട്രങ്ങൾ സിംഹഭാഗവും മോചനം നേടുകയും ഭരണവ്യവസ്ഥിതികളിൽ സമൂലപരിവർത്തനങ്ങൾ സംഭവിക്കുകയും ചെയ്തെങ്കിലും ഇന്നും ആ രാജാക്കന്മാരുടെ വിരുന്നുകളും ദർബാർ സദസ്സുകളും സ്ഥാനത്തും അസ്ഥാനത്തും പഴയപടി തന്നെ മുറപോലെ തുടരുകയാണെന്നതു് ഒരു വിരോധാഭാസമാണ്. ആയുധസഹായം തേടൽ, സൌഹാർദ്ദബന്ധം ഉറപ്പിക്കൽ, സാമ്പത്തികസഹായം ആരായൽ എന്നീ പദപ്രയോഗങ്ങളുടെ പരിവേഷമിട്ടാണ് ഈ വിരുന്നുസല്ക്കാരങ്ങൾ നടത്തപ്പെടുന്നതു്. രാജ്യകാര്യങ്ങൾ നടത്താൻപോലും അന്യരാജ്യങ്ങളുടെ ഉച്ഛിഷ്ടങ്ങൾക്ക് നാക്കു നീട്ടി നില്ക്കുന്ന അവികസിത രാഷ്ട്രങ്ങൾപോലും ലക്ഷക്കണക്കിനു രൂപയാണ് ഈ സമ്പോധിസദ്യകൾക്കും പന്തൽവിതാനങ്ങൾക്കും സ്വീകരണകോലാഹലങ്ങൾക്കുംവേണ്ടി കായംകലക്കുന്നതെന്ന ദുഃഖസത്യം ഓർക്കുമ്പോഴാണ് പൊതുജനം അമ്പരന്നുപോകുന്നതു്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം മന്ത്രിസ്ഥാനമെന്നതു തന്നെ മററന്തിനേക്കാളുമുപരി, കറെ വിദേശപര്യടനങ്ങൾക്കുംകൂടികാഴ്ചകൾക്കും കളമൊരുക്കാനുള്ള ഒരു തന്ത്രമായാണ് മന്ത്രിമാർ കാണുന്നതു്. 'ഇന്ത്യയുടെ പടിവാതിൽ' കടക്കാത്ത നേതാക്കന്മാർ മന്ത്രിക്കസേരയിൽ കയറിയിരുന്നു് ഒരു സിഗരററ വലിക്കുന്നതിന്നിടയിൽ തന്നെ വിദേശത്തൊന്നു് ഗമയിൽ നടക്കാനുള്ള തന്ത്രമായിരിക്കും ആദ്യം ചിന്തിക്കുക.

നമ്മുടെ നാടിനെ സംബന്ധിച്ചിടത്തോളം മന്ത്രിമാരുടെ വിദേശസഞ്ചാരങ്ങൾ വരുത്തിയിട്ടുള്ള ഏടാകൂടങ്ങൾ ചില്ലറയൊന്നുമല്ല. വിദേശമദ്യവും പൊരിച്ച ഇറച്ചിയും തിന്നു് മയങ്ങികിടക്കുന്നതിന്നിടയിൽ നമ്മുടെ ചില മന്ത്രിപുംഗവന്മാർ തിരുവാമൊഴിഞ്ഞിട്ടുള്ള പ്രസ്താവനകൾ വരുത്തിവെച്ച ഒച്ചപ്പാടുകൾ പലപ്പോഴും രാഷ്ട്രത്തിന്റെ തന്നെ അഭിമാനം താഴ്ത്തിക്കെട്ടാൻ പോരുന്നവയായിരുന്നു. ജനതയുടെ മുമ്പിൽ മതിപ്പാർജ്ജിക്കാൻ കഴിയാത്ത ചില നമ്മുടെ രാഷ്ട്രനേതാക്കന്മാർക്ക് ചിലയിടങ്ങളിൽ കിട്ടിയ തണുത്ത സ്വീകരണങ്ങളും ഈയവസരത്തിൽ മറന്നുകൂടാത്തതാണ്.

ഇപ്പോൾ ഇന്ത്യൻ പ്രധാനമന്ത്രി ശാസ്ത്രിയും പത്നിയും മോസ്കോയിൽ 'ഹാർദ്ദമായ സ്വീകരണങ്ങൾ' സ്വീകരിച്ചു കൊണ്ടിരിക്കയാണ്. ഇന്ത്യൻ ചീഫ് ജസ്റ്റീസ് വിദേശത്തു് വട്ടമേശസമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ ഉപരാഷ്ട്രപതി വിദേശത്തേക്ക് വിമാനത്തിൽ പുറപ്പെട്ടുകഴിഞ്ഞു.

രാഷ്ട്രപതി (ചികിത്സയ്ക്കാണെങ്കിലും) വിദേശത്തുനിന്നു് തിരിച്ചെത്തി വിയർപ്പൊപ്പിക്കഴിഞ്ഞിട്ടില്ല. കൃഷ്ണമേനോനും ടി. ടി. കെ. യും പട്ടീലും മററും സ്ഥിരം വിദേശങ്ങളിൽ കുടിതാമസക്കാരാണ്.

ഈ സന്ദർശനങ്ങളും പ്രതിസന്ദർശനങ്ങളും ഇന്ത്യയിലെ ഖജനാവുകൾ കാലിയാക്കുന്നുവെന്നതോ പോകട്ടെ അവർ ഈ ഉല്ലാസയാത്രകൾക്ക് തെരഞ്ഞെടുത്ത സമയം ഒരു നീതീകരണത്തിനും സമ്മതിക്കുന്നില്ലാ എന്നതാണ് സത്യം.

റാൺ ഓഫ് കച്ചിൽ ഇപ്പോഴും പാക് പട്ടാളക്കാരുടെ ബയണററുമുനകളിൽ ജീവനും രക്തവുമുള്ള ഇന്ത്യൻ ജവാന്മാർ പിടഞ്ഞു പിടഞ്ഞു മരിക്കുകയാണ്. ഇന്ത്യൻ അതിർത്തിയിൽ വിദേശികളുടെ തീയുണ്ടകൾക്കു മുമ്പിൽ നമ്മുടെ നാടിന്റെ കാവൽമാലാഖമാർ കരിഞ്ഞു വീഴുന്നു. മനുഷ്യമാംസം കരിയുന്ന ഗന്ധം നാടിന്റെ നാലതിർത്തികളിലും പരന്നുകൊണ്ടിരിക്കുകയാണ്. മഞ്ഞുമലകളുടെ തീരത്തു് ചെന്നായ്കളും കഴുകന്മാരും ഇരവെട്ടാൻ മുഖത്തോടുമുഖം നോക്കിനില്ക്കുകയാണ്. അതിർത്തിയിലെ ഗ്രാമീണർ കാളരാത്രികൾ കഴിച്ചുകൂട്ടുന്നു. കുട്ടികളും മാടുകളും ഉന്തി മുന്നോട്ടുനീക്കുന്നു. ഇന്ത്യൻ ജനത ഭയവിഹ്വലരാണ്. വിയററ്നാമിൽ പൊട്ടുന്ന ബോംബുകളുടെ മുഴക്കം അവരുടെ ഹൃദയങ്ങളിൽ, ചുരുക്കങ്ങളിൽ തീമഴ പെയ്യുന്നു. അയ്യൂബിന്റെയും ചൌവിനേയുംപററി ഓർക്കുമ്പോൾ അവർ ഞെട്ടിവിറക്കുന്നു. അക്രമികളുടെ മുമ്പിൽ പിടഞ്ഞുമരിക്കുന്ന ജവാന്മാരേയും കണ്ടുനിൽക്കുന്ന ഭരണനേതൃത്വത്തെയും ഓർക്കുമ്പോൾ അവർ ഭയവിഹ്വലരാകുന്നു. ഭക്ഷ്യവിലക്കയററം അവരെ ഞെരിച്ചമർത്തുന്നു. നികുതിഭാരം അവരെ ശ്വാസംമുട്ടിക്കുന്നു. ചുരുക്കത്തിൽ ഇവിടെ ജനജീവിതം സ്തംഭിച്ചിരിക്കുന്നു. 'മഹാത്മജിയുടെ ഭാരതം ഇന്നും കടലിനും പിശാചിനും നടുവിലാണ്'.

ഈ സന്നിഗ്ദ്ധഘട്ടത്തിൽ ഇന്ത്യൻ ജനതയ്ക്കു് വികാരവും ആത്മധൈര്യവും പകരേണ്ട നമ്മുടെ നേതാക്കന്മാർ അന്യരുടെ കണ്ണാടിമാളികകളിൽ ഹംസതൂലിക വിരിച്ചു് അലങ്കരിച്ച മലർമെത്തകളിൽ വിരുന്നുണ്ടു് വികാരവായ്പോടെ കിടക്കുന്നതു് ആരാണ് ക്ഷമിക്കുക? ഏതു് ദേശാഭിമാനിക്കാണ് സഹിക്കുക?

ചൈനീസ് അക്രമണം പൊട്ടിപ്പുറപ്പെട്ടപ്പോഴും നാമിതു കണ്ടു. അന്നു നെഹറു സിലോണിൽ. ചവാൻ ജപ്പാനിൽ. ചൌധുരി അമേരിക്കയിൽ. വേറെ പലരും പല രാജ്യങ്ങളിൽ. എന്നും ഓടിപ്പോകാനിടമില്ലാത്ത പൊതുജനങ്ങൾ മാത്രം അപ്പോഴും സഹിച്ചു; വേദനിച്ചു.

മററ രാഷ്ട്രങ്ങളിലെല്ലാം നോക്കു വിയററ്നാമിൽ യുദ്ധം നടക്കുന്നു. ജോൺസൺ വൈററ് ഹൌസിലിരുന്നു് വിദഗ്ദ്ധമായി കരുക്കൾ നീക്കുകയാണ്. സൂയസ് പ്രശ്നം പുകഞ്ഞുപൊന്തി. ബ്രിട്ടീഷ് നേതാക്കന്മാർ ഇംഗ്ലീഷ് ചാനലിനു പുറത്തുകടന്നില്ല. തീററപ്പതികൾ അന്വേഷിച്ചില്ല. ക്യൂബക്കുഴപ്പം തലപൊക്കി. ക്രൂഷേവ് ക്രെംലിനിലിരുന്നു് മരണക്കുടുക്കുകൾക്ക് കരിംതിരി തെറുത്തു കെട്ടുകയായിരുന്നു.

എന്നാൽ ഇന്ത്യൻ നേതാക്കൾക്ക് എന്നും വിരുന്നുണ്ണാണ്. അവർക്ക് അതിർത്തിയിലെ അക്രമം ഒരു പ്രശ്നമല്ല. ഇവിടത്തെ ജനങ്ങളുടെ ദീനരോദനം കേൾക്കാൻ നേരമില്ല.

ഇന്ത്യൻ നേതാക്കന്മാർക്ക് എന്നും യൂറോപ്യൻ സുന്ദരികളുടെ പൂച്ചെണ്ടുകളും പുഞ്ചിരിയും സ്വീകരിച്ച് നർമ്മസംഭാഷണം നടത്താനേ നേരമുള്ളു. നാളെയെങ്കിലും ഇതൊന്നു് ആവർത്തിക്കാതിരിക്കുമോ?

....o....

റേഡിയോ

മേയ് 20 വ്യാഴം
തിരുവനന്തപുരം,
കോഴിക്കോട്, തൃശ്ശൂർ,
454.5, 441.2, 517.2 മീററർ

കാലത്തു്
6-30 മംഗളവാദ്യം
6-35 പരിപാടിവിവരം
6-40 വാർത്തകൾ ഇംഗ്ലീഷിൽ
6-45 ഉദയഗീതം
7-15 ഇന്നത്തെ ചിന്താവിഷയം
7-20 ഭക്തിഗീതം
7-30 വാർത്തകൾ മലയാളത്തിൽ
7-45 ഗാനമാലിക
8-00 വാർത്തകൾ ഇംഗ്ലീഷിൽ
8-15 വീണ

ഉച്ചതിരിഞ്ഞ്
12-30 പ്രാദേശികവാർത്തകൾ
12-35 തൊഴിലാളിമണ്ഡലം
1-05 വീണ
1-20 വാർത്തകൾ മലയാളത്തിൽ
1-30 ലളിതഗാനങ്ങൾ
1-40 വാർത്തകൾ ഹിന്ദിയിൽ
1-50 സുഗമസംഗീതം
2-00 കാലാവസ്ഥ

രാത്രി
5-30 കോൽക്കളി
6-00 പ്രാദേശിക അറിയിപ്പുകൾ
6-05 പ്രാദേശികവാർത്തകൾ
6-15 നാട്ടിൻപുറം
7-00 മലയാളപ്രഭാഷണം
7-10 ചലച്ചിത്രഗാനങ്ങൾ
7-30 വാർത്തകൾ മലയാളത്തിൽ
7-45 രാഗം, താനം പല്ലവി
8-30 റേഡിയോന്യൂസ്‌റീൽ
8-40 സിതാർ
8-55 ഇന്നത്തെ ചിന്താവിഷയം
9-00 വാർത്തകൾ ഇംഗ്ലീഷിൽ
9-15 ഡെൽഹിയിലേ
9-30 നാടകം(ജബ്ബ്‌സുബാഷ്യയി
10-30 വാർത്തകൾ ഇംഗ്ലീഷിൽ
10-35 സമാപനം

വിഡ്ഢികൾ

തൃശ്ശൂർ, മെ. 19

കഴിഞ്ഞദിവസം രാത്രി തൃശ്ശൂർ മുനിസിപ്പൽ റോഡിൽ ഒരു കാറിൽ രണ്ടു മൂന്നു് പുരുഷന്മാരും രണ്ടു സ്ത്രീകളും രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാരും വന്നിറങ്ങിയതു് അവിടെ നിന്നിരുന്ന പലരേയും അല്പനേരത്തേയ്ക്കു് വട്ടംകറക്കിയതായി റിപ്പോർട്ടുചെയ്യപ്പെടുന്നു.

രാത്രി രണ്ടുമണിക്ക് ഒരു കാർ മുനിസിപ്പൽ സ്റ്റാൻറിനുസമീപം വന്നുനിന്നു. അതിൽ നിന്നു് സുന്ദരികളായ രണ്ടു സ്ത്രീകളും താടിവളർത്തിയ ഒന്നുരണ്ടു് ആളുകളും കുറച്ചു് യുവാക്കന്മാരും രണ്ടു പോലീസ് ഉദ്യോഗസ്ഥന്മാരും ഇറങ്ങി. ഉറക്കമൊഴിച്ചു് അവിടവിടെ തങ്ങിനിന്നിരുന്ന ആളുകൾ ഈ പാർട്ടിയെക്കണ്ടു. അസാന്മാർഗ്ഗിക നടപടികൾ നടത്തിയ ഏതെങ്കിലും ടീമിനെ പോലീസ് പാർട്ടി തേടിപ്പിടിച്ചുകൊണ്ടുവന്നതാണെന്നു് സംശയിച്ചു് ആളുകൾ ഓടിക്കൂടാൻ തുടങ്ങി. ഏതാണു് പെണ്ണുങ്ങൾ, ഏതാണു് പുരുഷന്മാർ എന്നൊക്കെയാണ് അവർക്ക് അറിയേണ്ടതു്.

അപ്പോഴേയ്ക്കും അവർ ഒരു കെട്ടിടത്തിന്റെ മുകളിലേയ്ക്കു് ധൃതിയിൽ കയറിപ്പോകാൻതുടങ്ങി. ആളുകൾ അവിടെ

ഇന്ത്യയിലെ കല്ക്കരിയുല്പാദനം

പ്രശ്നങ്ങളും വികസനരീതിയും

വ്യവസായ വികസനത്തിന്റെ അടിസ്ഥാനമായ കല്ക്കരിയ്ക്കു് ഇപ്പോൾ ആവശ്യം കുറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ ഭാവി ഭദ്രമാണ്. മററ രാജ്യങ്ങളെ അപേക്ഷിച്ച് നാം വളരെ കുറച്ചു് കൽക്കരിയേ ഉപയോഗിക്കുന്നുള്ളു. അതുകൊണ്ടു്, സമീപഭാവിയിൽ തന്നെ ഇന്ത്യയിൽ കൽക്കരി ഒരു പ്രധാന ഊർജ്ജോത്പാദന വസ്തുവായിത്തീരുന്നതും രാജ്യാഭിവൃദ്ധിയിൽ അതിപ്രധാനപങ്കു് വഹിക്കുന്നതുമാണ്. കൽക്കരി വ്യവസായം നേരിടുന്ന ചില പ്രശ്നങ്ങളെക്കുറിച്ചും അടുത്ത ആറുകൊല്ലത്തെ ഉൽപാദനരീതിയെക്കുറിച്ചുമാണ് ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നതു്.

കൽക്കരിയുടെ ആവശ്യം പ്രതീക്ഷയ്ക്കൊത്തു വർദ്ധിക്കാത്തതുകൊണ്ടു് കൽക്കരി വ്യവസായത്തിന്റെ സ്ഥിതി ഇന്നു് ഒരു പ്രധാന ചർച്ചാവിഷയമായിത്തീർന്നിട്ടുണ്ടു്. ഇന്നത്തെ സ്ഥിതിയും അടുത്ത ആറുവർഷത്തെ വികസനസാധ്യതയും സംബന്ധിച്ചുള്ള ഏതു പഠനത്തിലും, ലോഹനിർമ്മാണത്തിലും [കോക്കിംഗ്]ഇന്ധനാവശ്യങ്ങൾക്കും (നോൺ കോക്കിംഗ്]ഉപയോഗിക്കുന്ന കൽക്കരിത്തരങ്ങളുടെ പ്രശ്നങ്ങൾ വിഭിന്നമായതുകൊണ്ടു് അവയെ പ്രത്യേകം പരിഗണിക്കേണ്ടതാണ്.

ഇരുമ്പിന്റേയും ഉൽപാദനം പ്രതീക്ഷിച്ചിടത്തോളം വർദ്ധിച്ചിട്ടില്ലാത്തതുകൊണ്ടാണ് കോക്കിങ്ങ് കൽക്കരിയുടെ ഉപയോഗം ഉദ്ദേശിച്ചത്ര കൂടാത്തതു്. മൂന്നാം പദ്ധതിയിലെ കോക്കിങ്ങ് കൽക്കരി ഉൽപാദനലക്ഷ്യം 250 ലക്ഷം ടണ്ണാണ്. ഇതിൽ സ്വകാര്യമേഖല 180 ലക്ഷം ടണ്ണും ദേശീയ കൽക്കരി വികസന കോർപ്പറേഷൻ 70 ലക്ഷം ടണ്ണും ഉൽപാദിപ്പിക്കണം.

പദ്ധതി ലക്ഷ്യം

1963ൽ മൂന്നാം പദ്ധതിയുടെ മദ്ധ്യകാല വിലയിരുത്തൽ നടത്തിയപ്പോൾ കോർപ്പറേഷന്റെ ലക്ഷ്യം അഞ്ചുലക്ഷം ടൺ കണ്ടു കുറച്ചതൊഴിച്ചാൽ ആദ്യത്തെ കണക്കുകളിൽ യാതൊരുമാററവും വരുത്തിയില്ല. 1963-65ൽ മൊത്തം 175 ലക്ഷം ടൺ കോക്കിങ്ങ് കൽക്കരി ഉൽപാദിപ്പിക്കപ്പെട്ടു. 1964-65ലും ഈ സ്ഥിതി തുടരുമെന്നു പ്രതീക്ഷിക്കുന്നു. ഭിലായിലും ദുർഗ്ഗാപൂരിലും കൊറോസ്സാസ്റ്റ്ഫർണസ്കൂടി പ്രവർത്തിച്ചു തുടങ്ങുമെന്നതുകൊണ്ടു് 1965-66ൽ മൊത്തം186.1 ലക്ഷം ടൺ കോക്കിങ്ങ് കല്ക്കരി ഉല്പാദിപ്പിച്ചേക്കും. നാലാംപദ്ധതിയിൽ ഇരുമ്പു്-ഉരുക്കു ഉൽപാദനലക്ഷ്യം നേടാൻ മൊത്തം 450 ലക്ഷം ടൺ കൽക്കരി വേണ്ടിവരുമെന്നു് കണക്കാക്കപ്പെടുന്നു. ഇതിൽ 400 ലക്ഷം ടൺ കോക്കിംഗ് കല്ക്കരിയാണ്.

ഉൽപാദനം

ഈ ലക്ഷ്യപ്രാപ്തിക്ക് വർഷംതോറും 37 ലക്ഷം ടൺ കൽക്കരി കൂടുതൽ ഉല്പാദിപ്പിക്കേണ്ടതുണ്ട്. വിവിധ പദ്ധതികൾ പൂർത്തിയാകുന്നതോടെ 1968-69 ആകുമ്പോഴേക്കു് ഉരുക്കല്പാദനം ഗണ്യമായി വർദ്ധിക്കും. അതോടെ കൽക്കരിയുല്പാദനം വളരെയധികം വർദ്ധിപ്പിക്കേണ്ടിവരും. സവാങ്ങ്‌വികസനം, സുദാംദി ചൽക്കാരി തുടങ്ങിയപദ്ധതികൾ പൂർത്തിയാകുന്നതോടെ അടുത്ത മൂന്നു വർഷത്തിനുള്ളിൽ കോർപ്പറേഷന്റെ കല്ക്കരിയുല്പാദനം 40 ലക്ഷം ടൺ കണ്ടു് വർദ്ധിച്ചേക്കും. ഗിഡി, കർഗളി, കത്താര എന്നിവിടങ്ങളിൽ വാഷറികളുടെ നിർമ്മാണവും ഈ കാലത്തു് പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

കോക്കിങ്ങ് കൽക്കരിയുടെ വർദ്ധിച്ച ആവശ്യം നേരിടുന്നതിനു് പൊതു-സ്വകാര്യമേഖലകൾ കാലേക്കൂട്ടി ഖനനപരിപാടികൾ തുടങ്ങേണ്ടതുണ്ട്. മേത്തരം കൽക്കരിയുടെ പ്രധാന ഉറവിടമായ ഝാരിയയിലെ കേന്ദ്ര മേഖല ഇന്നു സ്വകാര്യമേഖലയുടെ കൈവശമാണ്. അവിടെ ഖനനത്തിനു് താരതമ്യേന ബുദ്ധിമുട്ടു് കുറവായതുകൊണ്ടു്ഇപ്പോൾ വിപുലീകരണ പ്രവർത്തനങ്ങൾ തുടങ്ങിയാൽ നാലാം പദ്ധതിക്കാലത്തുതന്നെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. മേത്തരം കൽക്കരിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും ഗവർമ്മെണ്ടു് അംഗീകരിച്ചിട്ടുണ്ടു്.

വികസന പരിപാടി

ഖനനം വിഷമകരവും കൂടുതൽ മുതൽമുടക്കേണ്ടതുമായ ഝാരിയ, രാംഗഢ്, ബൊക്കാറോ എന്നിവിടങ്ങളിലെ ഖനികൾ വികസിപ്പിക്കുന്നതിനു് ദേശീയകൽക്കരിവികസന കോർപ്പറേഷനു് ഏതാനും വർഷം വേണ്ടിവരും. പോളീഷ് സഹായത്തോടെ രണ്ടുഖനികളും ബ്രിട്ടീഷ് സഹായത്തോടെ വേറെ രണ്ടു ഖനികളും ബ്രിട്ടീഷ് സഹായത്തോടെ വേറെ രണ്ടു ഖനികളും, വികസിപ്പിക്കാൻ കോർപ്പറേഷൻ ആലോചിച്ചുവരുന്നു.

1970-71 ആകുമ്പോഴേക്കും കോർപ്പറേഷനു് 130 ലക്ഷം ടണ്ണിലധികമാകാൻ കഴിഞ്ഞെന്നുവരില്ല. അതുകൊണ്ടു്, സ്വകാര്യമേഖലയിലെ ഉൽപ്പാദനം 260-270 ലക്ഷം ടണ്ണായി വർദ്ധിപ്പിച്ചാലെ ഇരുമ്പുരുക്കുവ്യവസായത്തിന്റെ ആവശ്യങ്ങൾ നിറവേററാൻ കഴിയൂ. അതിന്നു് നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ തുടങ്ങേണ്ടതും വലുതും കാര്യക്ഷമവുമായ ഘടകങ്ങൾ സ്ഥാപിക്കേണ്ടതുമാണ്.

ഇന്ധനാവശ്യങ്ങൾക്കുവേണ്ട നോൺ കോക്കിംഗ് കൽക്കരിയുടെ പ്രശ്നം വിഭിന്നമത്രേ. ഇത്തരം കൽക്കരി ഏററവും കൂടുതൽ ഉപയോഗിക്കുന്ന റെയിൽവേയുടെ ആവശ്യം ഇന്നത്തെ 175 ലക്ഷം ടണ്ണിൽ അത്രയധികമാകാനിടയില്ല. ഈ ഇനം കല്ക്കരിയാണ് വിദ്യുച്ഛക്തിയുത്പാദനത്തിനും ഉപയോഗിക്കുന്നതു്. 1970-71 ആകുമ്പോഴേയ്ക്കു് ഇത്തരം 220 ലക്ഷം ടൺ കല്ക്കരി വേണ്ടിവന്നേയ്ക്കും. കളോസ് സിമൻറ് ടെക്സ്റ്റൈൽ എന്നീ വ്യവസായങ്ങൾക്ക് 120 ലക്ഷം ടൺ കല്ക്കരിയും കയററുമതിക്ക് 20 ലക്ഷം ടൺ കല്ക്കരിയും ആവശ്യമുണ്ടു്. ഇതെല്ലാംകൂടി മൊത്തം 530 ലക്ഷം ടൺ വരും.

ഇവയ്ക്കുപുറമേ, കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും ആഭിമുഖ്യത്തിലുള്ള ആവശ്യങ്ങളുണ്ടു്. ഈ ഇനത്തിലാണ് വീട്ടാവശ്യങ്ങൾക്കും മററുംവേണ്ടുക കൽക്കരി ഉൾപ്പെടുത്തി യിരിക്കുന്നതു്. 1963-64-ൽ ഈ ആവശ്യങ്ങൾക്ക് 170 ലക്ഷം ടൺ കല്ക്കരി വേണ്ടിവന്നു. വർദ്ധനനിരക്ക് ഒൻപതുശതമാനം വരുമെന്നു് കരുതിയാൽ 1970-71 ആകുമ്പോഴേയ്ക്കു് ഈയിനത്തിൽ 280 ലക്ഷം ടൺ കല്ക്കരി ആവശ്യമാകും. ഇതുൾപ്പെടെ 1970-71-ൽ മൊത്തം 800 ലക്ഷം ടൺ നോൺ കോക്കിംഗ് കല്ക്കരിവേണ്ടിവരുമെന്നു് കണക്കാക്കപ്പെടുന്നു.

നാലാംപദ്ധതിയിൽ

നാലാംപദ്ധതിയുടെ അവസാനംവേണ്ടതു കല്ക്കരി ലഭ്യമാകുന്നതിനു് ബീഹാർ പശ്ചിമബംഗാൾ വിഭാഗത്തിലെ മററിടങ്ങളിലും പൊതു സ്വകാര്യ മേഖലകൾ കോക്കിംഗ് കല്ക്കരിക്കും നോൺ കോക്കിംഗ് കല്ക്കരിക്കും സ്വീകരിക്കേണ്ട ഉത്പാദനരീതി മുകളിൽപറഞ്ഞ വസ്തുതകളിൽനിന്നു് മനസ്സിലാക്കാൻകഴിയും. വിവിധമേഖലകളിലെ നാലാം പദ്ധതി ലക്ഷ്യങ്ങൾ ഇനിയും സൂക്ഷ്മമായി നിർണ്ണയിച്ചിട്ടില്ലാത്തതുകൊണ്ടു് ഈ കണക്കുകൾ താൽക്കാലികമാകാനേവഴിയുള്ളു. ഉരുക്കു് വ്യവസായത്തിന്റെ വളർച്ചയ്ക്കനുസൃതമായി കോക്കിംഗ് കൽക്കരിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു് ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളും അശ്രാന്ത പരിശ്രമം നടത്തേണ്ടതാണെന്നുമാത്രം ഇപ്പോൾ പറയാം. ഇതു് ഉടനടി ആരംഭിക്കേണ്ടതാണ്. തുടങ്ങിക്കഴിഞ്ഞ പരിപാടികൾ അവ ഊർജ്ജിതപ്പെടുത്തുകയുംവേണം. ദക്ഷിണേന്ത്യയുടെ വർദ്ധിച്ച ഇന്ധനാവശ്യങ്ങൾ നിറവേററുന്നതിനു് സിംഗരണി കൽക്കരിപ്പാടം വിപുലീകരിക്കേണ്ടിവരുമെന്നതൊഴിച്ചാൽ ഇപ്പോഴത്തെ പരിപാടികൾ പൂർത്തിയാകുന്നതോടെ വേണ്ടത്ര നോൺ കോക്കിംഗ് കൽക്കരിലഭിക്കുന്നതാണ്. ഇത്തരം കൽക്കരിയുടെ ഉത്പാദനത്തിനു് പുതിയ പദ്ധതികൾ തുടങ്ങാൻ സാദ്ധ്യത വിരളമത്രേ.

....

തളിക്കുളം ബ്ലോക്കിൽ പതിനൊന്നരലക്ഷം രൂപ ചിലവഴിച്ചു

വലപ്പാട് മെ. 19

തളിക്കുളം വികസന ബ്ലോക്കിന്റെ മൂന്നാം ഘട്ടത്തിൽ 11,49,916 രൂപാ ചിലവഴിച്ചതായി ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസറുടെ റിപ്പോർട്ടിൽ പറയുന്നു. അതിൽ 67,599 രൂപാ കഴിഞ്ഞ സാമ്പത്തികവർഷത്തിലാണ് ചിലവഴിച്ചതു്. കൃഷി, മൃഗസംരക്ഷണം, സഹകരണം എന്നിവക്ക് 2,12,328രൂപയും, ജലസേചനത്തിന്നു് 2,47,560 രൂപയും, ആരോഗ്യശുചീകരണത്തിനു് 1,09,361 രൂപയും ഗതാഗത വികസനത്തിന്നു് 1,10,748 രൂപയും വിനിയോഗിച്ചു. ഗ്രാമീണ കരകൗശലങ്ങൾക്കും വ്യവസായങ്ങൾക്കും 1,22,680 രൂപായും, സാമൂഹ്യ വിദ്യാഭ്യാസത്തിന്നു് 40,930 രൂപായും, വിദ്യാഭ്യാസത്തിന്നു് 10,464 രൂപായും, ഭവനനിർമ്മാണത്തിന്നു് 24,593 രൂപായും ചിലവായി. ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സ് ആവശ്യങ്ങൾക്കായി 2,71,241 രൂപയാണ് ചിലവാക്കപ്പെട്ടതു്.

....

അടയ്ക്കാ-നാളികേരം വിൽപന

കോഴിക്കോട്, മേ 19

മലബാർ പ്രദേശത്തെ പ്രധാന കമ്പോളങ്ങളിൽ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ 88,27,000 നാളികേരവും 79,140 കിൻറൽ കൊപ്രയും വന്നുചേരുകയും, മുൻമാസങ്ങളിലെ ബാക്കി ഉൾപ്പെടെ 90,77,000 നാളികേരവും 75,700 കിൻറൽ കൊപ്രയും വിററഴിയുകയും ചെയ്തിട്ടുള്ളതായി മലബാർ മാർക്കററ് കമ്മിററി സെക്രട്ടറി അറിയിക്കുന്നു. മാസാവസാനത്തിൽ10,21,000 നാളികേരവും 20,065 കിൻറൽ കൊപ്രയും കമ്പോളങ്ങളിൽ ശേഷിച്ചുണ്ടായിരുന്നു.

—

പോലീസിനെ കളിപ്പിച്ച പ്രേതം

കുടമാളൂർ-വെട്ടം കുത്തും ഏററവ് കടൽപ്പുറത്തു് ചാടിയ ഒരു പ്രേതം കഴിഞ്ഞ് മൂന്നുദിവസമായി പോലീസിനു് പിടികൊടുക്കാതെ ഒഴുകി നടക്കുന്നതായ ഒരു സംഭവം റിപ്പോർട്ടു് ചെയ്യപ്പെടുന്നു.

കയ്യും കാലും ബന്ധിക്കപ്പെട്ടതാണ് പോലീസിനെ മക്കാറാക്കുന്ന ഈ പ്രേതം എന്നതാണ് വിചിത്രമായ വസ്തുത.

കുടമാളൂർ പാലത്തിന്നടുത്തുള്ള ആററിലാണ്ഈ പ്രേതത്തിന്റെ കളിച്ചു കളി നടന്നതു്.

തങ്ങളുടെ അധികാരസീമയിൽപെട്ട സ്ഥലത്തു് ആററിൽപ്രേതം പൊങ്ങിയ വിവരമറിഞ്ഞ് കുമരകം പോലീസ് സ്ഥലത്തെത്തി. എന്നാൽ അപ്പോഴേക്കും ഏററം കാരണം പ്രേതം ആററിന്റെ പകുതിക്കപ്പുറമായി. ആററിന്റെ പകുതിക്കേ കുമരകം പോലീസിനു് അവകാശമുള്ളു. ബാക്കി ഏററമാനൂർ പോലീസിന്നാണ്. ഏററമാനൂർ പോലീസിന്റെ അതിർത്തിയിലേക്ക് മാറിപ്പോയ പ്രേതത്തിനെ തൊടാനാവാതെ പോലീസു് മടങ്ങി. വിവരമറിഞ്ഞ് ഏററമാനൂർ പോലീസ് സ്ഥലത്തെത്തി. അപ്പോഴേക്കും ആററിൽ ഇറക്കമായി പ്രേതം കുമരകം അതിർത്തിയിലേക്ക് മാറിയിരുന്നു. ഏററമാനൂർ പോലീസ് മടങ്ങി.

കുമരകം പോലീസ് വരുമ്പോൾ ഏററമാനൂർ അതിർത്തിയിലും ഏററമാനൂർ പോലീസ് വരുമ്പോൾ കുമരകം അതിർത്തിയിലുമായി സഞ്ചരിച്ചുകൊണ്ടിരുന്ന പ്രേതത്തെ രണ്ടുദിവസമായിട്ടും തൊടാൻ പോലീസിന്നു കഴിഞ്ഞില്ല.

അപ്പോഴേക്കും പ്രേതത്തിൽനിന്നു ദുർഗ്ഗന്ധം വമിച്ചുതുടങ്ങിയിരുന്നു.

പോലീസിന്റെ കാര്യക്ഷമതാപ്രകടനത്തിൽ സംതൃപ്തിയടഞ്ഞ ഏതോ ഒരാൾ ഇന്നലെ രാത്രി പ്രേതത്തിനെ ഒരു കയറുകെട്ടിയിട്ടതുകൊണ്ടു് ഇന്നും ഏററത്തിന്റെ തക്കം നോക്കി ചുമതല കയ്യൊഴിക്കാൻ വന്ന പോലീസിന്നു പ്രേതത്തെ കരയ്ക്കെടുത്തു് അനന്തര നടപടികളിലേക്കു കടക്കേണ്ടിവന്നു.

....

ഡോ: മോഡിയുടെ സൗജന്യ നേത്രചികിത്സാക്യാമ്പ്

-:ആൻറണി വാഴപ്പിള്ള :-

ലയൺസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പത്മശ്രീ ഡോ: എം. സി. മോഡിയുടെ സൗജന്യ നേത്രചികിത്സാക്യാമ്പ് ഈ മാസം 15-ാംനു-മുതൽ കോഴിക്കോട്ട് ആരംഭിച്ചിരിക്കുകയാണല്ലോ കോഴിക്കോട്ട് ഗണപതി ഹൈസ്കൂളും പരിസരത്തിൽ ചേർന്ന അനാർഭാടമായ പൊതുയോഗത്തിൽവച്ച് ലയൺസ് ക്ലബ്ബിന്റെ സോണൽ ചെയർമാൻ ലയൺ ഡോ: എ ജി. നായർ ഉൽഘാടനം ചെയ്തു.

നീണ്ട ക്യൂകൾ

അന്ധതയിൽ കഷ്ടപ്പാടുകളനുഭവിക്കുന്ന ആയിരക്കണക്കിനു് ജനങ്ങൾക്ക് ആശകളുടേയും ശുഭപ്രതീക്ഷകളുടേയും പ്രകാശകിരണങ്ങൾ വാരിവിതറിക്കൊണ്ടു് സേവനരംഗത്തു് മുന്നേറുന്ന ഡോ: മോഡിയുടെ ചികിത്സ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി ആയിരങ്ങൾ പരിശോധനാദിവസം [മെ. 15] പ്രഭാതത്തിൽതന്നെ കോഴിക്കോട്ട് പുതിയ പാലത്തുള്ള ബി. എസ്സ്. എസ്സ്. വെൽഫേർ എക്സ്റ്റൻഷൻ പ്രോജക്ട് സെൻററിലേക്ക് നീങ്ങിയ കാഴ്ച ആരേയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. രാവിലെ 9 മണിയാകുമ്പോഴേക്കും സ്ത്രീകളുടെ ക്യൂ ഒരു ഫർലോങ്ങും പുരുഷന്മാരുടെ നീണ്ട ക്യൂ ഏകദേശം 2 ഫർലോങ്ങും ഉണ്ടായിരുന്നു. പരിശോധനാ സ്ഥലത്തിന്റെ പരിസരത്തുള്ള ഹോട്ടലുകളും ചായപ്പീടികകളും ജനങ്ങളെക്കൊണ്ടു് നിറഞ്ഞ കവിഞ്ഞു കാണാമായിരുന്നു. ഓട്ടോറിക്ഷക്കാർക്കും ബസ്സുകാർക്കും നല്ല കൊയ്ത്ത്. റെയിൽവേസ്റ്റേഷനിലെ തിക്കുംതിരക്കും ഒരു വലിയ സംഭവത്തിന്റെ പ്രതീതി ജനിപ്പിച്ചു.

ചാലപ്പുറത്തുള്ള ഗവ: ഗണപതി ഹൈസ്കൂളിൽ വച്ചാണ് ഓപ്പറേഷൻ. ഓപ്പറേഷനു് വിധേയരാവുന്ന രോഗികൾ അവർക്കുള്ള കിടപ്പുസാമാനങ്ങളും വിരി മുതലായവയും വെള്ളം എടുക്കുന്നതിനും ഭക്ഷണം കഴിക്കുന്നതിനും മററുമുള്ള പാത്രങ്ങളും കൊണ്ടുവരണമെന്നും രോഗികൾക്ക് സഹായത്തിനു് നില്ക്കുന്ന ഒരാൾക്കുകൂടി ക്യാമ്പിൽനിന്നു് സൗജന്യമായി ഭക്ഷണം കൊടുക്കുന്നതാണെന്നുമുള്ള വിവരങ്ങൾ മുൻകൂട്ടി ജനങ്ങളെ അറിയിച്ചിരുന്നു. പരിശോധനയ്ക്കുശേഷം 'ഓപ്പറേഷൻ' എന്നെഴുതിയ ചുവന്നകാർഡു് കിട്ടിയ രോഗികളെ പിറേറദിവസംമുതൽ വിവിധ സമയങ്ങളിലായി ഗണപതിഹൈസ്കൂളിൽവച്ച് ഓപ്പറേഷൻ നടത്തുകയുണ്ടായി.

കേരളത്തിൽ അഞ്ചാമത്തെ ക്യാമ്പ്

സൗജന്യ നേത്ര ചികിത്സാക്യാമ്പിന്റെ പ്രവർത്തനവേളയിൽ കോഴിക്കോട്ടെ ഭാരത് സേവക് സമാജിന്റെ 75വളണ്ടിയർമാർമാർ സഹായങ്ങൾ അനുഷ്ഠിച്ചുപോരുന്നു. കേരളത്തിൽ അഞ്ചാമത്തേയും കോഴിക്കോട് രണ്ടാമത്തേയുംക്യാമ്പാണിതു്. രണ്ടുക്യാമ്പുകൾതലശ്ശേരിവെച്ചും ഒരുക്യാമ്പ് കണ്ണൂർവെച്ചും ഇതിനുമുമ്പും നടത്തപ്പെട്ടിട്ടുണ്ട്. [കോഴിക്കോട്ട് ആരംഭിച്ചിട്ടുള്ള ഇപ്പോഴത്തെ ക്യാമ്പ് 12 ദിവസത്തോളം തുടരും. കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിവിധ തരത്തിലുള്ള നേത്രരോഗികൾ കോഴിക്കോട്ടെത്തിച്ചേർന്നിരിക്കുന്നു. ഒററക്കണ്ണന്മാരും, തിമരക്കാരും, കണ്ണന്തിയവരും, പൊട്ടക്കണ്ണന്മാരും, കാഴ്ച പൂർണ്ണമായി നഷ്ടപ്പെട്ടവരും, കോങ്കണ്ണുള്ളവരും നേത്രരോഗികളിൽ പെട്ടവരാണ്.

അന്ധതയനുഭവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും പട്ടിണിപാവങ്ങളും അജ്ഞരുമായ ഗ്രാമീണരാണെന്നു് ക്യാമ്പ് സന്ദർശിക്കുന്ന ഏവനും മനസ്സിലാക്കാം. ക്യാമ്പിന്റെ എല്ലാ ചെലവും ധർമ്മിഷ്ഠനും ദയാലുവുമായ ശ്രീ സേട്ട്ഗോകൽ ദാസ്മഥർ ദാസാണ് വഹിക്കുന്നതു്. രോഗികളോടു് ദയാപൂർണ്ണമായി പെരുമാറുന്നതിനും ക്യാമ്പ് പ്രവർത്തനങ്ങളിൽ അച്ചടക്കം പാലിക്കുന്നതിനും ലയൺസ് ക്ലബ്ബുകാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ക്യാമ്പിന്റെ മേൽനോട്ടം വഹിക്കുന്നതിനു് ഡോ. മോഡിയുടെ പ്രധാനസഹായിയായ പി. യം. കൃഷ്ണൻ ഗുരുക്കൾ 14-ാം തീയതി (ക്യാമ്പിന്റെ തലേ ദിവസം] തന്നെ എത്തിച്ചേരുകയുണ്ടായി. അദ്ദേഹം ക്യാമ്പിന്റെ ചുമതല വഹിക്കുന്ന ഭാരവാഹികളോടൊപ്പം സ്ഥലങ്ങൾ സന്ദർശിക്കുകയും ശുദ്ധജലവിതരണം വെളിച്ചം, ശുചീകരണം, ശുശ്രൂഷ, രോഗികൾക്കും മററുമുള്ള കിടപ്പ് എന്നീ സൗകര്യങ്ങളെപ്പററി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുകൊണ്ടിരിക്കുന്നുണ്ടു് ഡോ. മോഡിയുടെ സംഘത്തിൽ ആകെ 12 പേരാണുള്ളതു് മോഡിയെ സഹായിക്കാൻ മൂന്നു ഡോക്ടമാരുമുണ്ട്.

യന്ത്രമനുഷ്യൻ

ഡോക്ടർ മോഡിയുടെ മുന്നിൽക്കൂടി 'ക്യൂ' നീങ്ങുമ്പോൾതന്നെ ടോർച്ചടിക്കലും പരിശോധിക്കലും നിർദ്ദേശിക്കലും എല്ലാം ക്ഷണത്തിൽ കഴിയും. അയ്യായിരത്തിൻപരം രോഗികളെ ഏതാനും മണിക്കൂർ കൊണ്ടു്മാത്രം പരിശോധിച്ചു നിർദ്ദേശങ്ങൾ നല്കാൻ ഡോ. മോഡിക്ക് കഴിഞ്ഞുവെന്നുള്ളതിൽനിന്നു തന്നെ അദ്ദേഹത്തിന്റെ പരിശോധനാ വേഗത നമുക്കനുമാനിക്കാം. ഓപ്പറേഷനു് വിധേയരാവുന്നവർക്ക് ചുവന്ന കാർഡും ഇരുട്ടുമുറിയിൽ പരിശോധിക്കേണ്ടവർക്ക് മഞ്ഞകാർഡും (അവരെ മെയ് 21,22 എന്നീതീയതികളിൽ പ്രത്യേകം പരിശോധിക്കും] മരുന്നു മാത്രം കൊടുക്കേണ്ടവർക്കും ചികിത്സിച്ചിട്ടു് പ്രയോജനമില്ലെന്നുള്ളവർക്കും വ്യത്യസ്തകാർഡുകളും ഡോ. മോഡിയുടെ നിർദ്ദേശാനുസരണം സഹായികൾ രോഗികൾക്ക് കൊടുക്കുന്നു.

മേയ് 16-ാംതീയതിതന്നെ ശസ്ത്രക്രിയ നടത്തിത്തുടങ്ങി. ഓപ്പറേഷനു് വിധേയരായവരും മററ് ക്യാമ്പിൽ താമസിക്കുന്നവരും ഡോ: മോഡിയുടേയും അദ്ദേഹത്തിന്റെ സ്റ്റാഫിന്റേയും നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഡോക്ടരുടെ അനുവാദം കൂടാതെ രോഗികൾ ക്യാമ്പിൽനിന്നു പുറത്തുപോകുവാൻ പാടുള്ളതല്ല. ക്യാമ്പ് നടത്തിപ്പുകാരുടെ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും ചട്ടങ്ങളും ക്യാമ്പിലുള്ളവർ പാലിക്കണമെന്നു നിർബ്ബന്ധമാണ്.

ഒരുലക്ഷം ശസ്ത്രക്രിയ

ഇതിനകംതന്നെ ഡോ: മോഡി ഒരുലക്ഷത്തിൽപരം ശസ്ത്രക്രിയകൾ ചെയ്യുകയും 20 ലക്ഷം രോഗികളെ ചികിത്സിക്കുകയും ചെയ്തിട്ടുണ്ടെന്നറിയുന്നു. വൻകിട രാഷ്ട്രങ്ങളിലെ പ്രമുഖവ്യക്തികൾ ഡോ: മോഡിയുടെ കഴിവുകളെ പ്രകീർത്തിച്ചിട്ടുണ്ട്. 1956ൽ പത്മശ്രീ ബഹുമതി ലഭിച്ച അദ്ദേഹം "നേത്ര ദാനി" എന്ന അപരനാമധേയത്താൽ ഇന്ത്യയിൽ അറിയപ്പെടുന്നു. കുരുടർ കാഴ്ചക്കാരാകുകയും വികൃതർ സുന്ദരന്മാരാകുകയും ചെയ്യുന്ന അത്ഭുതരംഗങ്ങളാണ് ക്യാമ്പ് സന്ദർശിക്കുന്നവർക്ക് അനുഭവപ്പെടുക. എത്രയെത്ര ശുഭപ്രതീക്ഷകളും സുന്ദരസ്വപ്നങ്ങളുമാണ് ക്യാമ്പിൽ നിത്യേന മൊട്ടിട്ടു വിരിയുന്നതു്!! പതിനായിരങ്ങൾ പുതിയ ആകാശവും പുതിയ വെളിച്ചവും പുതിയ ഭൂമിയും കണ്ടെത്തുന്നു. കാഴ്ച ലഭിക്കുന്നവർക്ക് എല്ലാം പുതിയ അനുഭവങ്ങളാണ്.

പ്രകാശത്തിന്റെ നിറമറിയാത്ത മനുഷ്യൻ പിറന്നുവീണ കുഞ്ഞിന്റെ പ്രസരിപ്പോടെ തുടിയ്ക്കുന്നു. എങ്ങും ആഹ്ലാദതിമർപ്പും ആവേശവും മാത്രം. ഇതിന്നുമുമ്പ് ഡോ: മോഡി കോഴിക്കോട്ട് എത്തിയ അവസരത്തിൽ അദ്ദേഹത്തെ കാണാൻ വന്നിരുന്ന രോഗികളേക്കാൾ ധാരാളം നേത്ര രോഗികൾ ഈ പ്രാവശ്യം വന്നിട്ടുണ്ടെന്നാണ് നാട്ടുകാരിൽ ചിലർ ഈ ലേഖകനോടു് പറഞ്ഞതു്.

ഒരു വളണ്ടിയർമാത്രം

ഇന്ത്യയെ സംബന്ധിച്ചേടത്തോളം ബഹുമുഖങ്ങളായ പ്രശ്നങ്ങൾ ഇന്നാട്ടിലുണ്ടെന്നും അവയിൽ ഏററവും സങ്കീർണ്ണമായ പ്രശ്നമാണ് അന്ധതയെന്നും കോഴിക്കോട്ടെ ക്യാമ്പിൽ തന്റെ പങ്കു് സാങ്കേതിക പരിജ്ഞാനമുള്ള ഒരു വളണ്ടിയറുടേതു് മാത്രമാണെന്നും, അന്ധതയ്ക്കെതിരെ പടവെട്ടാൻ തുനിഞ്ഞ ഒരു യോദ്ധാവു മാത്രമാണ് താനെന്നും മോഡി പറഞ്ഞു. പൊതുജനങ്ങളുടെ സഹായസഹകരണങ്ങൾ ഇത്തരം സംരംഭങ്ങളിൽ അത്യാവശ്യമാണെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടു് അന്ധതയനുഭവിക്കുന്ന കഷ്ടപ്പെടുന്നവരെ സഹായിക്കുന്നതിന്നായി സഞ്ചരിക്കുന്ന ഒരാസ്പത്രി താൻ ഉപയോഗിച്ചുവരികയാണെന്നുംഡോക്ടർ മോഡി പ്രസ്താവിക്കുകയുണ്ടായി.

ഉദാരമതികൾ മുന്നോട്ടുവരിക

ജനസേവനനിരതനായി അന്ധരുടെ വിളക്കുമാടമായി വെളിച്ചത്തിനുവേണ്ടി കുരിശുയുദ്ധം പ്രഖ്യാപിച്ചു് മുന്നോട്ടുവന്നിരുന്ന ഡോ: മോഡിയുടെ സേവനം ഉടനടി ഇന്ത്യയിൽ സാർവ്വത്രികമായി പ്രയോജനപ്പെടുത്തേണ്ടതാണ്. അദ്ദേഹത്തിന്റെ വിദഗ്ദ്ധചികിത്സാ സമ്പ്രദായംകൊണ്ടു് അന്ധതയ്ക്കെതിരെയുള്ള ഈ സമരം വ്യാപകമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്നാവശ്യമായ സഹായസഹകരണങ്ങൾ വാഗ്ദാനം ചെയ്യാൻ ഈരാജ്യത്തെ ഉദാരമതികൾ മുന്നോട്ടുവരികയാണെങ്കിൽ കേരളത്തിലുടനീളം നേത്ര ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും നമ്മുടെനാട്ടിലെ ലക്ഷക്കണക്കിന്നു് അന്ധന്മാരെ ഇരുട്ടിൽനിന്നു കരകേററാനും സാധിക്കും.

....o....

തലസ്ഥാനത്തുനിന്നു്

[സ്വ. ലേ] തിരുവനന്തപുരം, മേയ് 18

കേന്ദ്ര കമ്മ്യൂണിക്കേഷൻസ്‌വകുപ്പിലെ ഡപ്യൂട്ടിമന്ത്രി ശ്രീ. ബി. ഭഗവതി മേയ് 22-ാംതീയതി ഉച്ചതിരിഞ്ഞു് കോഴിക്കോട്ടു് എത്തിച്ചേരുന്നതാണ്. അന്നും അതിനടുത്തദിവസവും അവിടെ ക്യാമ്പുചെയ്തശേഷം 24-ാംതീയതി വൈകുന്നേരം അദ്ദേഹം തിരിച്ചുപോകും.

ബ്ലോക്ക് ഡവലപ്പ്മെൻറ് ആഫീസർമാർ

ചവറ ബ്ലോക്ക് ഡെവലപ്പ്മെൻറ് ആഫീസർ ശ്രീ. ജോർജ്ജ് സോളമനെ കൊട്ടാരക്കരയിലേയ്ക്കും റവന്യൂഡിപ്പാർട്ടുമെൻറിൽ ഒന്നാംഗ്രേഡ് അസിസ്റ്റൻറ് ശ്രീ. ജീ. പി. ആനന്ദസ്വാമിയെ ചേവായൂർ ബി. ഡി. ഒ. ആയും ശ്രീ. എസ്. എ ലാറൻസിനെ [മഞ്ചാടിവിള, നെടുമങ്ങാട്) ചവറ ബി. ഡി. ഒ. ആയും നിയമിച്ചിരിക്കുന്നു.

സർവ്വേസ്കൂൾ പ്രവേശനപ്പരീക്ഷ

കോട്ടയം സർവ്വേസ്കൂളിൽ ചേരേണ്ടതിലേയ്ക്കുള്ള പ്രവേശനപ്പരീക്ഷ ജൂൺ 12-നു- കാലത്തു് 10 മണിക്കു് കോട്ടയം സർവ്വേസ്കൂളിൽ നടത്തപ്പെടുന്നതാണ്. അതിലേക്കുള്ള അപേക്ഷകൾ മേയ് 31-ാംതിയതിക്കുമുമ്പായി തിരുവനന്തപുരം സർവ്വേഡയറക്ടർ ആഫീസിൽ കിട്ടത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ മേയ് 11-ാംതീയതിയിലെ ഗസററിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഹോംഗാർഡ്സ് കമാൻറിന്റെ പി. എ.

അവധികഴിഞ്ഞുവരുന്ന ഡി. വൈ. എസ്. പി. ശ്രീ. വി. സി. അബൂബേക്കറെ ഹോംഗാർഡ്സ് കമണ്ടാൻറിന്റെ പി. എ. ആയി നിയമിച്ചിരിക്കുന്നു.

ലയൺസ് ക്ലബ്ബ്

തിരുവനന്തപുരം ലയൺസ് ക്ലബ്ബിന്റെ ആഭ്യമുഖ്യത്തിൽ തൈക്കാട്ടു് വിമൺ ആൻറ് ചിൽഡ്രൻസ് ആശുപത്രിയിൽ ഒരു രക്തബാങ്ക് ആരംഭിക്കുന്നതിനു് തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ബാങ്കിന്റെ ധനശേഖരണാർത്ഥം മേയ് 26-ാംതീയതി രാത്രി 7 മണിക്കു് സെനററ്ഹാളിൽവച്ചു് ജഗദി എൻ. കെ. ആചാരിയുടെ 'കടമററത്തുകത്തനാർ' എന്ന നാടകം കലാനിലയം അവതരിപ്പിക്കുന്നതാണ്.

എം. എഡ്. കോഴ്സ് പ്രവേശനം

അടുത്ത അദ്ധ്യായനവർഷത്തിലെ എം. എഡ്. കോഴ്സ് 1965 ജൂലൈ ആദ്യവാരത്തിൽ ആരംഭിക്കുന്നതാണ്. ബി. എഡ്. ബിരുദം സമ്പാദിച്ചിട്ടുള്ളവരും രണ്ടാംക്ലാസ്സിൽ കുറയാതെ ഏതെങ്കിലും ബിരുദം നേടിയിട്ടുള്ളവരും ഒരു വർഷത്തിൽ കുറയാതെ അദ്ധ്യാപനപരിചയമുള്ളവരും ഇതിലേക്കപേക്ഷിക്കാൻ അർഹരാണ്. അപേക്ഷകൾ കിട്ടിയിരിക്കേണ്ട അവസാനത്തീയതി 1965 ജൂൺ 30 ആണ്. പ്രൊഫസ്സർ, യൂണിവേഴ്സിററി ഡിപ്പാർട്ടുമെൻറ് ഓഫ് എഡ്യൂക്കേഷൻ, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ സ്വന്തം മേൽവിലാസമെഴുതി സ്റ്റാമ്പൊട്ടിച്ച കവർ സഹിതം അപേക്ഷിച്ചാൽ ഇതിനുള്ള അപേക്ഷാഫാറങ്ങൾ ലഭിക്കും.

—

പറപ്പൂർ പള്ളിയിലെ തിരുനാളാഘോഷം

പറപ്പൂർ, മെ 17

സ്ഥലം പള്ളിയിലെ കുടിവെച്ചിട്ടുള്ള വി. യോഹന്നാൻ നെപ്പും സിയാനോസ് പുണ്യവാന്റെ തിരുനാൾ ഇക്കൊല്ലം പൂർവ്വാധികം ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. സ്ഥലം സെൻറ് ജോൺസ് മാക്കാറ് ഫണ്ടിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'വള' എഴുന്നെള്ളിപ്പും കടവിൽ സമൂഹക്കാരുടെ വക 'വള' എഴുന്നെള്ളിപ്പും ആഘോഷങ്ങൾക്കു മാററുകൂട്ടി. ഉച്ചക്കു നടത്തപ്പെട്ട പ്രദക്ഷിണം വർണ്ണ ശബളവും ഭക്തിനിർഭരവുമായിരുന്നു. തിരുനാളോടനുബന്ധിച്ചു് പള്ളിയും അങ്ങാടിയും ചന്തയും കമനീയമായി അലങ്കരിച്ചിരുന്നു, തിരുനാൾ ചടങ്ങുകളിൽ ധാരാളം ഭക്തജനങ്ങൾ പങ്കെടുത്തു.

—

റഷ്യയ്ക്കു് അമേരിക്കയുടെ നാലിലൊന്നു നാവികപ്പട

ന്യൂഡെൽഹി, മേ 19

റഷ്യൻ നാവികപ്പടയുടെ അഡ്മിറലായ മി. കസത്നോവ് ഈയിടെ ചെയ്ത ഒരു പ്രസ്താവനയിൽ റഷ്യയ്ക്കു് ഇന്നു് ശക്തിമത്തായ ഒരു നാവിപ്പടയുണ്ടെന്നു് വെളിപ്പെടുത്തിയിരിക്കുന്നു.

1940-ൽ സോവ്യററ് നേവിക്ക് വെറും 600000 ടണ്ണേജ് മാത്രമുണ്ടായിരുന്നതു്. ഇന്നു് 1600000 ടണ്ണേജായി വർദ്ധിച്ചിട്ടുണ്ടു്. ഇന്നു് ലോകത്തു് ഏററവും മികച്ച നാവികശക്തിയുള്ളതു് 4000000 ടണ്ണേജ് ഉള്ള അമേരിക്കക്കാണ്. രണ്ടാംസ്ഥാനം റഷ്യക്കും മൂന്നാം സ്ഥാനം 750000 ടണ്ണേജ്ഉള്ളബ്രിട്ടനുമാണ്.

ഇന്നു് റഷ്യക്ക് 39 "ക്രൂയിസേഴ്സും", 230 നശീകരണക്കപ്പലുകളും ഏകദേശം 2000 ചെറിയ കപ്പലുകളുമുണ്ടു് കൂടാതെ റഷ്യയ്ക്കു് 450 അന്തർ വാഹിനികളുമുണ്ടു് അമേരിക്കക്ക് 125 അന്തർവാഹിനികളും ബ്രിട്ടനു് 42-ം മാത്രമേയുള്ളു.

റഷ്യയിലെ ഏകദേശം 150 അന്തർവാഹിനികൾക്ക് 13000 മൈലും 75 എണ്ണത്തിനു് 22000 മൈലും സഞ്ചരിക്കുന്നതിനു ഈ കഴിവുണ്ടു്.

റഷ്യയിലെ 'മർച്ചൻറ് ഫ്ളീററിന്റെ' കണക്കുകൾ നോക്കുമ്പോൾ 5500000 ടൺ ഭാരം താങ്ങാൻ കഴിവുള്ള ഏകദേശം 1400 കപ്പലുകൾ ഉള്ളതായി കാണാം.

1966-ഓടുകൂടി റഷ്യയ്ക്കാവശ്യമായ യാത്രക്കപ്പലുകളെല്ലാംതന്നെ നിർമ്മിച്ചു തീരുമെന്നാണ് വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നതു്. [കേരള പ്രസ്സ്]

....

അവകാശവാരാചരണം സമാപിച്ചു.

സ്വ ലേ ചാലക്കുടി, മെ. 17

ഷോളയാറിലെ ഖക്ക് എസ്റ്റാബ്ലിഷ്മെൻറ് ജീവനക്കാർ (ഇലക്ട്രിസിറ്റി ബോർഡ്) 10-ാംതീയതിമുതൽ ആചരിച്ചു് വന്നിരുന്ന അവകാശവാരാചരണം ഇന്നു് വൈകീട്ടു് നടന്ന പ്രകടനം പൊതുയോഗം എന്നിവയോടെ അവസാനിച്ചിരിക്കുന്നു. കേന്ദ്ര വേജ് ബോർഡിനെ നിയമിക്കുക, ശമ്പളം പരിഷ്ക്കരിക്കുക, സേവനവ്യവസ്ഥകൾ ക്രോഡീകരിക്കുക, ബോണസ്സനുവദിക്കുക, ടിച്ചുമത്തൽമനോഭാവം അവസാനിപ്പിക്കുക എന്നീ മുദ്രാവാക്യങ്ങൾ അച്ചടിച്ച ബാഡ്ജ്ധരിച്ചുകൊണ്ടാണിവർ അവകാശവാരമാചരിച്ചതു്.

അവകാശങ്ങൾ അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു് യൂണിയൻ പ്രസിഡണ്ടു് കെ. അച്യുതമേനോൻ യൂണിയൻ മന്ത്രിമാരായ ഡോ. കെ. എൽ. റാവു, സഞ്ജീവയ്യ എന്നിവർക്ക് കമ്പിസന്ദേശങ്ങൾ അയച്ചിട്ടുണ്ട്.

—

കുട്ടിക്കഥകളിൽഏഷ്യൻ എഴുത്തുകാർക്കുവേണ്ടി ഒരു മത്സരം

ന്യൂഡൽഹി, മേ. 1[illegible]

ഏഷ്യയിൽ ബാലസാഹിത്യരചന പ്രോത്സാഹിപ്പിക്കുന്നതിനു് ഏഷ്യൻ രാജ്യങ്ങളിലെ എഴുത്തുകാർക്കുവേണ്ടി ലണ്ടനിലെ വനിതാകൗൺസിൽ ഒരു മത്സരം സംഘടിപ്പിക്കുന്നതാണ്. എല്ലാ സ്ത്രീപുരുഷന്മാർക്കും ഇതിൽ പങ്കെടുക്കാം. 12 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുവേണ്ടിയുള്ള കഥകളായിരിക്കണം മത്സരത്തിനയക്കേണ്ടതു്. കഥയുടെ ദൈർഘ്യം 3000 വാക്കിൽ കവിയാൻ പാടില്ല. കഥ ഇംഗ്ലീഷിലോ എഴുത്തുകാരന്റെ സ്വന്തം ഭാഷയിലോ എഴുതാം. കുട്ടികളുടെ ദൈനംദിന ജീവിതമായിരിക്കണം പ്രതിപാദ്യവിഷയം.

തിരഞ്ഞെടുക്കപ്പെടുന്ന കഥകൾക്ക് 20 പവൻ വീതമുള്ള സമ്മാനങ്ങൾ നല്കപ്പെടുന്നതാണ്. കയ്യെഴുത്തുപ്രതികൾ 'വിമൻസ് കൗൺസിൽ (സ്റ്റോറീസ് ഫോർ ചിൽഡ്രൺ), കെയർ ഓഫ് ലേഡീലിൻസ്റ്റെഡ്, 170 ക്വീൻസ് ഗേററ്, ലണ്ടൻ, എസ്. ഡബ്ലിയു. 7 എന്ന വിലാസത്തിൽ 1965 ആഗസ്റ്റ് 31-നുമുമ്പു് കിട്ടിയിരിക്കണം.

....

പഞ്ചാബി കടല തൃശ്ശൂർ ജില്ലയിൽ വിതരണം ചെയ്യുന്നു

തൃശ്ശൂർ മെയ് 19

തൃശ്ശൂർ ജില്ലയിലേക്കു് പഞ്ചാബിൽനിന്നു് അനുവദിച്ചിട്ടുള്ള കടല വിതരണത്തിനായി തൃശ്ശൂർ, ഇരിഞ്ഞാലക്കുട, ചാലക്കുടി, വടക്കാഞ്ചേരി എന്നിവടങ്ങളിലെ മൊത്ത വ്യാപാരികളേയും, കൊടുങ്ങല്ലൂർ ടൗൺ ബാങ്ക്, ചാവക്കാട്ട് റൂറൽ ബേങ്ക്, വലപ്പാട്ട് റൂറൽ ബാങ്ക് എന്നീ സ്ഥാപനങ്ങളേയും ഏല്പിച്ചിരിക്കുന്നു. തൃശ്ശൂരിൽ ഈ കടല കിലോഗ്രാമിന്നു് 88 പൈസ വിലയ്ക്കും, മററു സ്ഥലങ്ങളിൽ 92 പൈസ വിലയ്ക്കുമാണു് വില്ക്കപ്പെടുന്നതു്. ആവശ്യാനുസരണം പത്തു കിലോഗ്രാംവരെ ഈ കടല നിശ്ചിതവിലക്കു ലഭിക്കുന്നതാണെന്നു് ജില്ലാ സപ്ലൈ ആഫീസർ അറിയിക്കുന്നു.

ജില്ലയിൽ വിതരണത്തിന്നായി ലഭിച്ചിട്ടുള്ള സൂചിഗോതമ്പ് അതാതു താലൂക്ക് സപ്ലൈ ആഫീസരുടെ പെർമിററ് പ്രകാരം നൽകപ്പെടുന്നതാണ്.

....

ചെറുകിടവ്യവസായ വികസനത്തിനു് ഒരു തീവ്രയത്നപരിപാടി

ചെറുകിടവ്യവസായ ഇൻസ്റ്റിട്യൂട്ട് ആരംഭിക്കുന്നു

എറണാകുളം മെയ് 19

കോഴിക്കോട്ടു ജില്ലയിലെ ചെറുകിട വ്യവസായ വികസനത്തിനു ചെറുകിട വ്യവസായ സർവ്വീസ് ഇൻസ്റ്റിററ്യൂട്ട് മേയ് 24 മുതൽ 28 വരെ ഒരു തീവ്രയത്ന പരിപാടി നടത്തുന്നതാണ്.

ഈ ദിവസങ്ങളിൽ ഇൻസ്റ്റിററ്യൂട്ടിലെയും സംസ്ഥാന വ്യവസായ വകുപ്പിലെയും ഉദ്യോഗസ്ഥന്മാർ കോഴിക്കോട്ടെ റീജിണൽ വ്യവസായ ഡയക്ടറാഫീസിൽവെച്ച് ചെറുകിട വ്യവസായികൾക്കും ചെറുകിട വ്യവസായങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്കും ഉപദേശങ്ങളും വിവരങ്ങളും നൽകുന്നതായിരിക്കും. സാങ്കേതികോപദേശം നൽകാൻ ഇൻസ്റ്റിററ്യൂട്ടിലെ സാങ്കേതികോദ്യോഗസ്ഥന്മാരും സന്നിഹിതരായിരിക്കുന്നതാണ്.

ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനു് വിവിധ സംഘടനകൾ നൽകുന്ന വിവിധതരം സഹായങ്ങളെക്കുറിച്ചു് വിവരം കൊടുക്കുക, ജില്ലയിൽ നല്ല സാധ്യതയുണ്ടെന്നു കണ്ടിട്ടുള്ള ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനു് സാങ്കേതികോപദേശം നൽകുക, യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള ഹയർ പർച്ചേസ് സൗകര്യങ്ങൾ ഉപയോഗിക്കാൻ ചെറുകിട വ്യവസായികളെ സഹായിക്കുക തുടങ്ങിയവയാണ് പരിപാടികളുടെ ലക്ഷ്യങ്ങൾ.

പരിപാടിയുടെ പ്രാരംഭമായി ഇൻസ്റ്റിററ്യൂട്ട് കോഴിക്കോട്ടു ജില്ലയുടെ സാമ്പത്തിക സർവ്വേ നടത്തുകയും വികസന സാദ്ധ്യതയുള്ള വ്യവസായങ്ങളുടെ പട്ടികയും മററു വിവരങ്ങളുമടങ്ങിയ ഒരു റിപ്പോർട്ടു തയ്യാറാക്കുകയും ചെയ്തിട്ടുണ്ടു്.

....

തൃശ്ശൂർ ജില്ലയിലെ ചെറുകിട ജലസേചനം

പന്ത്രണ്ടര ലക്ഷം ക ചിലവഴിച്ചു

തൃശ്ശൂർ മെയ് 19

കഴിഞ്ഞ വർഷം തൃശ്ശൂർ ജില്ലയിലെ ചെറുകിട ജലസേചന പ്രവർത്തനങ്ങൾക്കുവേണ്ടി 12,55,118 രൂപാ ചിലവഴിക്കുകയുണ്ടായി 11,63,600 രൂപാ മാത്രമെ കഴിഞ്ഞ വർഷം ചിലവുചെയ്യുന്നതിനു് നീക്കിവച്ചിരുന്നുള്ളു. എന്നാൽ അനുവദിച്ച സംഖ്യയുടെ 108 ശതമാനത്തോളം ചിലവു ചെയ്യപ്പെട്ടു.

....

വിദ്യാഭ്യാസരംഗത്തു് കത്തോലിക്കാസഭയുടെ സേവനം

സഭാവിരോധികൾപോലും സഹർഷം സ്വാഗതം ചെയ്യുന്നുവെന്നു് ഡോ ആലപ്പാട്ടതിരുമേനി

(സ്വ. ലേ.) അരിമൂർ, മേ. 19

സന്യാസിനീസന്യാസസമൂഹം വിദ്യാഭ്യാസരംഗത്തു് ചെയ്യുന്നതായ സേവനങ്ങൾ ഇതരമതസ്ഥർപോലും സഹർഷം സ്വാഗതം ചെയ്യുന്നുണ്ടെന്നു് തൃശ്ശൂർ ബിഷപ്പു് റൈറ്റ് റവ. ഡോ: ജോഷ്വാ ആലപ്പാട്ടതിരുമേനി ഇന്നലെ ഉടെ പ്രസ്താവിച്ചിരിക്കുന്നു.

ഇവിടത്തെ സെൻറ് ജോസഫ്സ് കോൺവെൻറിൽ രജതജൂബിലി ആഘോഷം സംബന്ധിച്ചു നടന്ന ഒരു സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു തിരുമേനി.

അദ്ദേഹം തുടർന്നു: ലോകത്തിലെ ഇതരം വിദ്യാലയങ്ങളും കേരളത്തിൽ ധാരാളമുള്ളതുകൊണ്ടു് പലരും അതിനെ മഹത്വമനസ്സിലാക്കുന്നില്ല. എന്നാൽ വടക്കേ ഇന്ത്യയിൽ കത്തോലിക്കാ മിഷനറിമാരുടെ വിദ്യാലയങ്ങൾ വളരെ ശ്രേഷ്ഠമേയുള്ളൂ. പക്ഷേ സഭയെ എതിർക്കുന്ന ഉദ്യോഗസ്ഥന്മാർപോലും അവരുടെ അദ്ധ്യാപകരുടെ അത്തരം സ്ഥാപനങ്ങളിലാണു് പഠിക്കാൻ അയയ്ക്കുന്നതെന്നതു് ആരും മറന്നുപോകരുതു്.

സ്വാതന്ത്ര്യലബ്ധി, ഇശ്വരവിശ്വാസം എന്നീ നന്മകൾ വിദ്യാർത്ഥിമനസ്സുകളിൽ വളർത്തിയെടുക്കുവാൻ കത്തോലിക്കാസ്ഥാപനങ്ങൾക്കു മാത്രമേ സാധിക്കുകയുള്ളൂ എന്നു് പറയുന്നതിൽ അതിശയോക്തിയില്ലെന്നു് തിരുമേനി പറഞ്ഞു. ഈ അനുഭവങ്ങളിലൂടെ അതൊരു സത്യമാണെന്നു് ഇന്നു് ആരും അംഗീകരിക്കുന്നുണ്ടു്.

അരിമൂരിലെ മഠത്തിനും വിദ്യാഭ്യാസസ്ഥാപനത്തിനും നാട്ടുകാർ നല്കിയ സഹകരണം തിരുമേനി സസന്തോഷം അനുസ്മരിച്ചു. ആ സഹകരണങ്ങൾ മേലിലും ഉണ്ടാകണമെന്നദ്ദേഹം അഭ്യർത്ഥിച്ചു.

WANTED fully qualified hands within prescribed age limits for appointment in the school from 1-6-1965 as H S A on 80-165-2 (Maths-1, Social Studies 1), Malayalam Teacher on 80-165-1 Malayalam P. T. on 60-100-1 and Hindi Teacher on 80-165-1 in permanent/temporary vacancies. Retired qualified hands below 59 may also apply. Untrained hands should send attested copies of mark lists along with application. Apply to the Manager within ten days by registered post with copy to the Dist. Edl. Officer Irinjalakuda.

Manager,
B. V. M. High School,
Kallettumkara

WANTED fully qualified hand within age limits for appointment in School under the Management of St. Sebastians U. P. School Kuttikad as a F. T. Drill master in a permanent vacancy. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the A. E. O. Chalakudy.

WANTED fully qualified hands within prescribed age limit for appointment in the school under the Management of St. Thomas High School, Thiroor, Mulagunnathukavu P. O. for the following posts in Govt. scale of pay and allowance. 1) H. S. A's-4 posts, Maths.-one, Physical Science-one, and History or Soc. Studies-two. 2) H. S. Mal. Pandit-one. 3) M. S. A's three. Retired qualified hands below 59 years may also apply. Apply within 10 days by registered post to the Manager with a copy to the District Educational Officer, Trichur.

Thiroor,
18-5-1965. Manager

WANTED fully qualified hands within prescribed age limits for appointment in S. H. of M. C. G. H. S. Kandassankadavu. 1) Trained graduates in Chemistry one, Physics one, History two Mathematics one Vacancies are permanent. (2) Qualified drawing Teacher in the grade of Rs. 40-120. (3) Music Teacher P. T. in the scale of Rs 30-60. (4) Malayalam Pandit in the grade of Rs. 60-100 P. T. Vacancies are temporary. Retired qualified teachers below 59 years may also apply. Apply within ten days by registered post to the Manager with a copy to the D. E. O. Trichur.

WANTED a fully qualified malayalam language teacher in the grade of 80-165. Vacancy permanent. Only fully qualified hands need apply. Males preferred. Retired qualified teachers below 59 may also apply. Apply within 10 days by registered post to the Manager, T. H. S., Aranattukara with copy to D. E. O., Trichur.

WANTED fully qualified hands within the prescribed age limits for appointments under this Management as High School Assistant in General Science 1, Malayalam Higher Grade (Part time) 1 & Specialist teacher in Music (Part time) 1, Posts are Permanent and carry pay and allowances at Govt rates Retired qualified teachers below 59 may also apply. Apply within 10 days by Registered Post to the Manager with copies to the District Educational Officer, Irinjalakuda.

Panangad, Manager,
17-5-65 High School, Panangad
P. O Panangad.

WANTED fully qualified hands within the prescribed age limits for appointment under this management, K B T S. Panangad or the post of Head Master 1 (Basic trained with 12 years teaching experience) and Basic trained Training School Assistants in Mathematics 1, Social Studies 1, General Science 1, and Craft teacher (Part time) 1, All the posts are Permanent and carry Pay and allowances at Govt rates. Basic trained qualified hands with not less than 7 years of Teaching Experience may apply for the post of Head Master. Retired qualified teachers below 59 may also apply Apply within 10 days by Registered post to the Manager with copies to the District Educational Officer, Irinjalakuda

Panangad, Manager,
1765-1965 Krishna Basic Training
School, P. O Panangad.

WANTED a fully qualified hand within the prescribed age limits for appointment in the school under the management of the U. P. School Karayamuttam P. O. as Physical training Instructor in a permanent vacancy Retired qualified teachers below 59 may also apply. Apply within 10 days by Regd. Post to the Manager with a copy to the A. E. O. Valapad.

WANTED fully qualified hands within the prescribed age limit for appointment as (i) H S As in temporary vacancies (two each in Mathematics and History), (ii) as higher grade Malayalam teacher in permanent vacancy (one only) and (iii as part time Malayalam teacher in temporary vacancy (one only). Apply within ten days to the manager, St Antony's High School, Mala, with a copy to the Dt. Edu. Officer, Irinjalakuda.

WANTED fully qualified hands within prescribed age limits for the appointments under the management in the P. C G. H. School, Vellikulangara, as H. S. A's in Physical Science one, Mathematics one, U. p. S. A's three, Mal. Teacher P. T. one, in temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the Manager with copies to the D. E. O. Irinjalakuda.

ആക്ഷേപങ്ങളും ആവശ്യങ്ങളും

മണ്ണത്തിയിലെ വാഹനത്തിരക്കു്

നാഷണൽ വൈവേ വന്നതോടുകൂടി ദിനംപ്രതി ആയിരക്കണക്കിനു് വാഹനങ്ങളും നിയന്ത്രണം ഇല്ലാതെയും ഇടതടവില്ലാതെയും ഓടുന്ന ഒരു റോഡായിരിക്കുകയാണു് മണ്ണത്തി റോഡു് മണ്ണുത്തി സെൻററിൽതന്നെ ഒരു നാലുകൂടിയ ജങ്ഷനും ഒരു മൂന്നുംകൂടിയ ജങ്ഷനും ഉണ്ടു്. ഈ ജങ്ഷനുകളിൽ ദിനംപ്രതി പല അപകടങ്ങളും ഉണ്ടാകുകയും അപായങ്ങൾക്കുതന്നെ വഴിതെളിക്കപ്പെടുകയും ചെയ്യുവതുമാണു്. ഈ അപകടങ്ങളും ഒഴിവാക്കുന്നതിനായി അധികാരപ്പെട്ടവർ ആരുംതന്നെ ഇതുവരെയായൊന്നും ഒരു നടപടികളും എടുത്തുകാണുന്നില്ല ഈ നിലയിൽ കാര്യങ്ങൾ നീങ്ങിയാൽ ഈ ജങ്ഷനിൽ ഇനിയും വളരെ അധികം അപകടങ്ങൾക്കു് സാക്ഷാത്കരിക്കേണ്ടിവരും. യാതൊരു ലക്കില്ലാതെയും ഓവർസ്പീഡിലും ഓടിയ്ക്കുന്ന ഈ വാഹനങ്ങളും നിയന്ത്രിക്കുന്നതിനായി ഒരു പോലീസ് സ്റ്റേഷൻ ഇവിടെ ഏർപ്പെടുത്തുകയോ, ഒല്ലൂർ, വടക്കാഞ്ചേരി, പീച്ചി തൃശ്ശൂർ എന്നീ നാലുഭാഗങ്ങളിൽനിന്നും മുട്ടുന്ന റോഡിനെറ നടുവിൽ കുറെ വീപ്പകളും മണൽനിറച്ചു് സ്ഥാപിക്കുകയോ ചെയ്യേണ്ടതാണു്. ബന്ധപ്പെട്ടവർ ഈ കാര്യത്തിൽ അമാന്തിക്കില്ലെന്നു വിശ്വസിക്കുന്നു.

മണ്ണത്തി ഫ്രാൻസിസ്

തൃശ്ശൂർ-കൊട്ടേക്കാടു് റോഡു്

തൃശ്ശൂർ-കൊട്ടേക്കാടു്-മുണ്ടൂർ റോഡു് തീരെമോശമായിരിക്കുകയാണു്. അടുത്തകാലത്തൊന്നും ഈ വഴിക്കു് മെറ്റൽ വിരിക്കൽ ഉണ്ടായിട്ടില്ല. റോഡിൽ പല സ്ഥലത്തും "മരണക്കിണറു"കളും മറ്റു പലയിടങ്ങളിലും മെറ്റൽ കന്നകളുമാണു്. റോഡാണെങ്കിൽ നന്നെ വീതികുറഞ്ഞതും. മഴക്കാലം ആംഭിക്കുകയായി. ഇനി അങ്ങോട്ടു് ഈ വഴിക്കുള്ള യാത്ര അപകടമാണെന്നു് ജനങ്ങളെ ധരിപ്പെടുന്നു. അധികൃതർ ഈ റോഡു് നന്നാക്കുന്നകാര്യത്തിൽ ഒന്നു് ശ്രദ്ധിച്ചാൽനന്നു.

കൊട്ടേക്കാടു് യാത്രക്കാരൻ

വസൂരി പടരുന്നു

കരുവിലശ്ശേരി, ആലത്തൂർ പ്രദേശത്തു് പല വീടുകളിലും മസ്സൂരിരോഗം പടർന്നുപിടിച്ചു കൊണ്ടിരിക്കുന്നു. ആലത്തൂർ സെൻറ് ആൻറണീസ് ലോവർ പ്രൈമറി സ്കൂളിനെറ പരിസരപ്രദേശങ്ങളിലും വസൂരി പടർന്നുപിടിച്ചുകൊണ്ടിരിക്കയാണു്. ഹെൽത്തു് ഡിപ്പാർട്ടുമെൻറിൻെറ യാതൊരുവിധ പ്രവർത്തനങ്ങളും ഈ പ്രദേശങ്ങളിൽ ഉണ്ടായിക്കാണുന്നില്ല.

കരുവിലശ്ശേരി നാട്ടുകാരൻ

പുസ്തക വ്യാപാരത്തിൽ സർക്കാരിൻെറ പകൽക്കൊള്ള

പാവങ്ങളെ പിഴിഞ്ഞു ചോരതുപ്പിക്കുന്നു

തിരുവനന്തപുരം മേയ് 19

പാഠപുസ്തക വ്യവസായത്തിൽ കേരളം ഗവണ്മെൻറു് അനുവർത്തിച്ചുവരുന്ന ഭീകരമായ പകൽക്കൊള്ളയുടെ വിവരങ്ങൾ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു

സ്വയം സംസാരിക്കുന്ന കുറെ കണക്കുകൾ താഴ്ചയ്ക്കുന്നു. പത്താം സ്റ്റാൻറേർഡിലേക്കുള്ള പുസ്തകങ്ങളുടെ കണക്കാണിതു്.

സോഷ്യൽ സ്റ്റഡീസ് എന്ന പുസ്തകം.

പേജു് 218 വില നിശ്ചയിച്ചിരിക്കുന്നതു് 1 രൂപാ 50 പൈ. ഇതിൻെറ 2 ലക്ഷം കോപ്പികൂടം അച്ചടിച്ചു വിതരണം ചെയ്യുന്നതിൻെറ ചെലവുനോക്കാം.

	രൂ	പൈ
കമ്പോസിംഗ് ചാർജ്ജു്	150	
പ്രിൻറിംഗ് ചാർജ്ജു്	12600	
കവർപേജു് പ്രിൻറ്. ചിന്നു്	300	
ബയൻറിംഗു്	11900	
ഇൻസൊഹു്	230	
ഫോൾഡിംഗു്	80	
കടലാസുവില	30272	
കവർപേജു് കടലാസുവില	1500	
ബ്ലോക്കുമേക്കിംഗു്	130	
ആകെ തുക	57182	

ഇതനുസരിച്ചു് ഒരു കോപ്പിക്കു് 29 പൈസാ നിരക്കിലാണു് കംപോസിറ്റർ വാഹനങ്ങളിലൂടെ തുടങ്ങിയവയ്ക്കു് ഒന്നോ രണ്ടോ പൈസ കവർഹൈഡ്ചാർജ്ജു് ചെലവാകും. അതിനു് ഇന്നാട്ടിലെ പാവപ്പെട്ട ഒരു രക്ഷകർത്താവു് നൽകേണ്ടിവരുന്നതു്? ഒന്നാം ക്ലാസ്സിൽ അതിൽനിന്നും 15 പൈസ കമ്മീഷൻ കഴിച്ചു് ഗവണ്മെൻറിനു് 1 രൂപാ 35 പൈസാ ലഭിക്കുന്നു. എന്നുപറഞ്ഞാൽ 250 ശതമാനം ലാഭമാണു് ഗവണ്മെൻറുണ്ടാക്കുന്നതു്.

രണ്ടാം സ്റ്റാൻഡേർഡിലെ കേരളപാഠാവലി എടുക്കാം. 168 പേജുകളാണിതിൽ മേൽവിവരിച്ചതിൻവണ്ണം വിശദമായി പരിശോധിച്ചാൽ ഒരു കോപ്പിക്കു് 17 പൈസാ നിർമ്മാണച്ചിലവാകും. മൂന്നാ, അഞ്ചാ, എട്ടാ പൈസാ കൂടി ഒരു കോപ്പിക്കു് കവർഹൈഡ്ചാർജ്ജു് നിശ്ചയിച്ചാൽതന്നെയും ഇതിനു നിശ്ചയിച്ചിരിക്കുന്ന വിലയായ ഒരുറുപ്പിക 25 പൈസാ അനുസരിച്ചു് എത്രയോ ഇരട്ടി ലാഭമാണു് കൊള്ളയടിച്ചുവരുന്നതു്.

ഉദാഹരണത്തിനു രണ്ടു് പുസ്തകങ്ങളുടെ കണക്കു് പറഞ്ഞെന്നേയുള്ളൂ. ഏതു പാഠപുസ്തകമെടുത്തുനോക്കിയാലും അതിൻെറ നിർമ്മാണച്ചെലവിൻെറ എത്രയോ ഇരട്ടി ലാഭം അടുപ്പിച്ചുവരുന്ന ഭീകരചിത്രം നമുക്കതിൽ കാണാം.

മിക്ക പുസ്തകങ്ങളും സ്വകാര്യ ഉടമകളുടെ പ്രസ്സുകളിൽനിന്നും കാൺട്രക്ടു്അടിസ്ഥാനത്തിൽ ഗവണ്മെൻറ് അച്ചടിപ്പിച്ചുവാങ്ങുകയാണു്. അതിൻെറ സ്റ്റെഡ്യൂൾഡ് നിരക്കു് 1957 ൽ ഗവണ്മെൻറു് നിശ്ചയിച്ചിരുന്നതുതന്നെയാണു്ഇന്നും തുടരുന്നതു്. കൂലിയുടേയും പ്രത്യേകിച്ചു് ടൈപ്പിൻേറയും മാറ്റം കാര്യത്തിൽ പല മാറ്റങ്ങളും വന്നിട്ടുണ്ടെങ്കിൽ സ്റ്റെഡ്യൂൾഡ് നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതു വന്നിട്ടില്ലെന്നുള്ളതും നാം കാർക്കേണ്ടതാണു്.

....

ജന: നേഴ്സിംഗ് ടെയിനിങ്ങുകാർക്കു് സ്റ്റൈപ്പൻറു് 50 ക തന്നെയാക്കി

(സ്വ ലേ) കോഴിക്കോടു് മേ. 19

ജനറൽ നേഴ്സ് ടെയിനിംഗിനുകൊടുത്തുവന്ന സ്റ്റൈപ്പൻറ് അൻപതു രൂപയിൽനിന്നും മുപ്പത്തെട്ടു രൂപയായി കുറച്ചുകൊണ്ടുള്ള ഗവണ്മെൻറ് ഉത്തരവു് ഭേദഗതി ചെയ്തിരിക്കുന്നു. അൻപതു രൂപതന്നെ തുടർന്നുകൊടുക്കുവാൻ വീണ്ടും ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതായി പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഒരു അറിയിപ്പിൽ പറയുന്നുണ്ടു്. ഇൻറർവ്യൂവിനു് ക്ഷണിച്ചുകൊണ്ടുള്ള കത്തിൽ സ്റ്റൈപ്പൻറിനെക്കുറിച്ചുള്ള ഭാഗം പബ്ലിക് സർവ്വീസ് കമ്മീഷൻെറ ഈ പുതിയ അറിയിപ്പിനെ അടിസ്ഥാനമാക്കി തിരുത്തിവായിക്കേണ്ടതാണു്.

....

മുല്ലശ്ശേരി ബി. ഡി. സി. യോഗം

മുല്ലശ്ശേരി മേ. 14

മുല്ലശ്ശേരി ബ്ലോക്കു് ഡവലപ്മെൻറ് കമ്മറ്റി മേയു് 22-ാം തീയതി ശനിയാഴ്ച 3 മണിക്കു് ബ്ലോക്കു് ആഫീസിൽവച്ചു് യോഗംചേരുന്നതാണു്. യോഗം പദ്ധതിപ്രവർത്തനങ്ങളും വിലയിരുത്തുകയും, നടപ്പുവർഷത്തെ പ്രവർത്തനപരിപാടികൾക്കു് അംഗീകാരം നൽകുകയും ചെയ്യുന്നതായിരിക്കും.

....

ഉപരാഷ്ട്രപതി പശ്ചിമേഷ്യയിലേയ്ക്കു് പുറപ്പെട്ടു

ന്യൂഡൽഹി, മേ. 19

കുവൈറത്, സൗദി അറേബ്യ, ജോർദ്ദാൻ, ഇക്കി, ഗ്രീസു് എന്നിവിടങ്ങളിൽ 22 ദിവസത്തെ സൗമനസ്യപര്യടനം നടത്തുന്നതിനു് ഉപരാഷ്ട്രപതി ഡോ: സക്കീർ ഹുസൈൻ ഇന്നു് ഇന്ത്യ വിട്ടിരിക്കുന്നു. ജൂൺ 12-ാംതം അദ്ദേഹം നാട്ടിൽ തിരിച്ചെത്തും.

—•—

യാത്രയയപ്പു്

(സ്വ. ലേ) മാള മേയ് 18

മാള ആശുപത്രിയിൽ അസി. സർജ്ജനായി സ്തുത്യർഹമായ വിധം സേവനം അനുഷ്ഠിച്ചുപോരുകയും സ്ഥലം മാറിപ്പോകുന്ന ഡോ. തോമസു് പാനികുളത്തിനു നാട്ടുകാരുടെയും ആസ്പത്രിസ്റ്റാഫിൻേറയും വകയായി ഹൈസ്കൂളിൽവച്ചു് ഒരോ യാത്രയയപ്പുകൂടം നൽകിയിരിക്കുന്നു. നാട്ടുകാർ സൊക്കോർസോ കോൺവൻറിൽവച്ച നടത്തിയ യാത്ര അയപ്പു് യോഗത്തിലും ഗ്രൂഫ് ഫോട്ടോയിലും, തേയിലസൽക്കാരത്തിലും നിരവധിപേർ പങ്കെടുത്തു. അദ്ദേഹത്തിൻെറ സേവനത്തെ പ്രകീർത്തിച്ചു് പലരും സംസാരിച്ചു. ഡോ. പാനികുളം അനുമോദനങ്ങൾക്കു് സമുചിതമായി മറുപടി പറഞ്ഞു.

[സ്വ ലേ] ചാലക്കുടി, മെ 17

ഇവിടത്തെ ആസ്പത്രിയിലെ മെഡിക്കലാഫീസർ ഡോ: എ. ഐ. കുരിയൻ ആലുവാ ആശുപത്രിയിലേക്കു് സ്ഥലംമാറിപോകുന്നതുസംബന്ധിച്ചു് ലെപ്രസിവെൽഫയർ കമ്മറിയുടെ വകയായി അദ്ദേഹത്തിനു് ഹൃദ്യവും, കേമവുമായ ഒരു യാത്രയയപ്പു് നൽകിയിരിക്കുന്നു. ഗ്രൂപ്പ്ഫോട്ടോയും ഉണ്ടായിരുന്നു. പുതിയതായി സ്ഥാപിച്ച എക്സ്റെ പ്ലാൻ ലഭിക്കാൻ ഡോ: കുരിയൻ വളരെയേറെ ഉത്സാഹിച്ചിട്ടുണ്ടെന്നതു് പ്രത്യേകം പ്രസ്താവ്യമാണു്.

....

"ആലേഖനകല"

ഇന്ത്യയിൽ യുണെസ്കോ പ്രദർശനം ഇന്നു് ആരംഭിക്കും

ന്യൂഡൽഹി, മേ. 19

യുണെസ്കോയുമായി സഹകരിക്കുന്നതിനുള്ള ഇന്ത്യൻ ദേശീയ കമ്മീഷൻ ഇവിടെ രവീന്ദ്രഭവനിൽ [ആലേഖനകലയെപ്പറ്റി ഒരു പ്രദർശനം സംഘടിപ്പിയ്ക്കുന്നതാണു്. പ്രദർശനം നാളെ (മേയ് 20-നു്) ആരംഭിക്കും.

ഏറ്റവും പ്രാകൃതമായ ചിത്രലിപി മുതൽ ഏറ്റവും അധുനാതനമായ അച്ചടിവരെ ആലേഖനകലയുടെ പരിണാമത്തിൻെറ കഥാ പ്രദർശനം ചുരുങ്ങിനിവർത്തിക്കാട്ടും. ആലേഖനകലയ്ക്കു് മനുഷ്യജീവിതത്തിൻെറയും നാഗരികതയുടെയും മേലുണ്ടായിട്ടുള്ള സ്വാധീനവും പ്രദർശനത്തിൽനിന്നു് വ്യക്തമാകും.

.....

ദേവിൻെറ "അയൽക്കാർ", റേഡിയോവിൽ

എറണാകുളം, മേ. 19

സാഹിത്യകാരക്കാടമിയുടെ അവാർഡു് നേടിയ ശ്രീ. പി. കേശവദേവിൻെറ "അയൽക്കാർ" എന്ന നോവലിൻെറ റേഡിയോ ആവിഷ്കരണം 30 മിനിട്ടു് വീതമുള്ള നാലു് ഭാഗങ്ങളായി ആകാശവാണിയുടെ തിരുവനന്തപുരം-തൃശ്ശൂർ-കോഴിക്കോടു് നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നതാണു്. ആദ്യത്തെ ഭാഗം മേയ് 22-ാംതം ശനിയാഴ്ച രാത്രി 7.45നു് കേൾക്കാം. രണ്ടാം ഭാഗം മേയ് 29-ാംതം ശനിയാഴ്ച രാത്രി 7.45നും, മൂന്നാംഭാഗം ജൂൺ 1-ാംതം ചൊവ്വാഴ്ച രാത്രി 9.30നും, നാലാം ഭാഗം, ജൂൺ 5-ാംതം ശനിയാഴ്ച രാത്രി 7.45നും പ്രക്ഷേപണം ചെയ്യപ്പെടും.

—•—

വിവാഹങ്ങൾ

ജോജ്ജു-റീത്ത

പുതുക്കാടു് മേയ് 19

ചാലക്കുടി നിയോജകമണ്ഡലത്തിൽ നിന്നും ഇക്കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ടിക്കറ്റിൽ മത്സരിച്ചു് വിജയിയായ ശ്രീ പി. പി. ജോജ്ജും (ബി. എ ബി എഡ്) ചക്കാലപ്പറമ്പിൽ ഊക്കൻ ചോനപ്പൻ മകനും കുമാരി റീത്ത (ബി. എസ്സി. ബി. എഡ്.) യും തമ്മിലുള്ള വിവാഹം ഇന്നു് എടക്കുളം പള്ളിയിൽവെച്ചു് സമംഗളം നടന്നിരിക്കുന്നു. ഇതു സംബന്ധിച്ചു വരൻെറ പുതുക്കാട്ടുള്ള വസതിയിൽ വെച്ചു നടപ്പെട്ട സദ്യ സമ്പൂർണ്ണങ്ങളിൽ ധാരാളമാളുകൾ പങ്കെടുത്തു.

മേരി-വർഗ്ഗീസു്

പാമ്പൂർ മെയ് 17

സ്ഥലത്തെ പ്രമുഖ കുടുംബാംഗമായ പീറായിലപ്പിള്ളി ചാക്കുണ്ണിയുടെ മകൾ മേരിയും കൊട്ടേക്കാടു് ആലപ്പാട്ടു് മേച്ചേരി പാമ്പു മകൻ വർഗ്ഗീസും തമ്മിലുള്ള വിവാഹം ഇന്നു സ്ഥലം പള്ളിയിൽ വെച്ചു് സമംഗളം നടന്നിരിക്കുന്നു. വിവാഹാനന്തരം വധൂഗൃഹത്തിൽ നടത്തപ്പെട്ട സദ്യയിൽ ഒട്ടനേകം ബന്ധുമിത്രാദികളും സംബന്ധിച്ചു.

[സ്വ. ലേ]

കരുണാകരൻ-മാധവി

പുത്തൂർ മെയ് 18

നടത്തറ എരുവിമംഗലം ദേശത്തു് മുണ്ടത്തുലക്ഷ്മിക്കുട്ടിയമ്മയുടെ മകനും ഡോക്ടർ എം. എസ്. മേനോൻെറ സഹോദരനായ എം. കരുണാകരമേനോനും തൃശ്ശിവപേരൂർ മാരാത്തു് മാധവമേനോൻെറ മകളും മാധവിയമ്മയും തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽവച്ചു് സമംഗളം നടന്നു.

....

വാഴികപൊതുയോഗം

തൃശ്ശൂർ മെയ് 18

അഖിലേന്ത്യാ കമ്പിത്തപാൽ സംഘടനയുടെ തൃശ്ശിവപേരൂർ ഡിവിഷണൽ ബ്രാഞ്ച് പോസ്റ്റ്മെൻ ക്ലാസ്സ്, ഇ. ഡി. വിഭാഗക്കാരുടെ പത്താംവാർഷികപൊതുയോഗം തൃശ്ശൂർ ഹൈസ്കൂൾ പോസ്റ്റാപ്പീസ്സ് പരിസരത്തുവെച്ചു് കെ. എൻ. പുതുവാളുടെ അദ്ധ്യക്ഷതയിൽ കൂടുകയും 65-66ലെ ഭാരവാഹികളായി ശ്രീ. കെ. എൻ. പുതുവാൾ (പ്രസിഡണ്ടു്) സി. എം. വറീതു് (സെക്രട്ടറി) ശ്രീ. പി.സി. ജോസഫു് [ട്രഷറർ) എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. യോഗത്തിൽവെച്ചു് മെമ്പർമാരുടെ ആവശ്യങ്ങളും ഉപദ്രവങ്ങളും അനവധി പ്രമേയങ്ങളും പാസ്സാക്കുകയുണ്ടായി.

....

"ആലേഖനകല"

ഇന്ത്യയിൽ യുണെസ്കോ പ്രദർശനം ഇന്നു് ആരംഭിക്കും

ന്യൂഡൽഹി, മേ. 19

യുണെസ്കോയുമായി സഹകരിക്കുന്നതിനുള്ള ഇന്ത്യൻ ദേശീയ കമ്മീഷൻ ഇവിടെ രവീന്ദ്രഭവനിൽ [ആലേഖനകലയെപ്പറ്റി ഒരു പ്രദർശനം സംഘടിപ്പിയ്ക്കുന്നതാണു്. പ്രദർശനം നാളെ (മേയ് 20-നു്) ആരംഭിക്കും.

ഏറ്റവും പ്രാകൃതമായ ചിത്രലിപി മുതൽ ഏറ്റവും അധുനാതനമായ അച്ചടിവരെ ആലേഖനകലയുടെ പരിണാമത്തിൻെറ കഥാ പ്രദർശനം ചുരുങ്ങിനിവർത്തിക്കാട്ടും. ആലേഖനകലയ്ക്കു് മനുഷ്യജീവിതത്തിൻെറയും നാഗരികതയുടെയും മേലുണ്ടായിട്ടുള്ള സ്വാധീനവും പ്രദർശനത്തിൽനിന്നു് വ്യക്തമാകും.

.....

ദേവിൻെറ "അയൽക്കാർ", റേഡിയോവിൽ

എറണാകുളം, മേ. 19

സാഹിത്യകാരക്കാടമിയുടെ അവാർഡു് നേടിയ ശ്രീ. പി. കേശവദേവിൻെറ "അയൽക്കാർ" എന്ന നോവലിൻെറ റേഡിയോ ആവിഷ്കരണം 30 മിനിട്ടു് വീതമുള്ള നാലു് ഭാഗങ്ങളായി ആകാശവാണിയുടെ തിരുവനന്തപുരം-തൃശ്ശൂർ-കോഴിക്കോടു് നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നതാണു്. ആദ്യത്തെ ഭാഗം മേയ് 22-ാംതം ശനിയാഴ്ച രാത്രി 7.45നു് കേൾക്കാം. രണ്ടാം ഭാഗം മേയ് 29-ാംതം ശനിയാഴ്ച രാത്രി 7.45നും, മൂന്നാംഭാഗം ജൂൺ 1-ാംതം ചൊവ്വാഴ്ച രാത്രി 9.30നും, നാലാം ഭാഗം, ജൂൺ 5-ാംതം ശനിയാഴ്ച രാത്രി 7.45നും പ്രക്ഷേപണം ചെയ്യപ്പെടും.

—•—

കോളറാമൂലം 30 ഓളം പേർ മരണമടഞ്ഞു

വൈപ്പിൻകര പ്രദേശത്തു് ഇപ്പോഴും ഈ മഹാമാരി പടർന്നുപിടിക്കുന്നു

ഞാറയ്ക്കൽ, മെ. 19

വൈപ്പിൻകരയിൽ ഇതുവരെയായി 30 ഓളംപേർ കോളറാമൂലം മരണമടഞ്ഞിട്ടുണ്ടെന്നു വിശ്വസ്തർപ്പെടുത്തുന്നു.

ഇപ്പോഴും ഇവിടങ്ങളിൽ കോളറയ്ക്കു് ശമനമുണ്ടായിട്ടില്ല. പലവിടുകളിലും കോളറ ഇപ്പോഴും പടർന്നുകയറുകയാണെന്നു് അറിയാൻകഴിഞ്ഞിട്ടുണ്ടു്. കോളറയ്ക്കെതിരെയുള്ള കുത്തിവെപ്പു് നടത്താത്ത പലരും ഈ പ്രദേശത്തു് ഇപ്പോഴും ശേഷിക്കുകയാണു്. സർക്കാരിൻെറ പ്രതിരോധശ്രമങ്ങളും വേണ്ടതില്ലെന്നും അറിയാൻ കഴിഞ്ഞിരിക്കുന്നു.

സർവ്വോദയ കരിയൻ അദ്ദേഹത്തിൻെറ ഔദ്യോഗികാസഹണ്ടിൽനിന്നും മരിച്ചവരുടെ കുടുംബങ്ങൾക്കു് കഴിയുന്ന സഹായങ്ങളും ചെയ്തുവരുന്നു.

....

ആലപ്പുഴ വാർത്തകൾ

(സ്വ. ലേ.) മേ. 19

ജില്ലാ കളക്ടർ എൻ. കാളീശ്വരൻ മേയ് 21-ാംതീയതി കാത്തിരപ്പള്ളി, മാവേലിക്കര എന്നീ താലൂക്കുകളിലെ നികുതി പിരിവു് പരിശോധിക്കും. പിറേറ ദിവസം അദ്ദേഹം ചെങ്ങന്നൂർ സബ്ബ് കലക്ടരുടെ ആഫീസ് പരിശോധിക്കുന്നതാണു്. 24-ാംതീയതി 11 മണിക്കു് കലക്ടറേറിൽവച്ചു ചേരുന്ന ആർ. ടി. ഓ. യോഗത്തിൽ അദ്ദേഹം അദ്ധ്യക്ഷവഹിക്കും. 25-ാംതീയതി കോഴിക്കോടു് കലക്ടറേറിൽവച്ചു ചേരുന്ന സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിക്കും, 26-ാംതീയതി രാവിലെ അദ്ദേഹം ജില്ലാ ഫാമിലി പ്ലാനിംഗ് ഉപദേശകസമിതി മീറ്റിംഗിലും ഉച്ചയ്ക്കു് റൂറൽ ഇൻഡസ്ട്രീസ് പ്രോജക്ടു് കമ്മിറ്റി മീറ്റിംഗിലും പങ്കെടുക്കുന്നതാണു്. 28-ാംതീയതി കുട്ടനാടു, പറവൂർ എന്നീ ബ്ലോക്കു് ആഫീസുകൾ പരിശോധിക്കും. 29-ാംതീയതി അടൂർ കലക്ടറേറിൽവച്ചു് അപ്പീലുകൾ കേൾക്കുന്നതും 31-ാംതീയതി രാവിലെ കൂടുന്ന ജില്ലാ വികസന സമിതി യോഗത്തിൽ അദ്ധ്യക്ഷതവഹിക്കുന്നതുമാണു്.

ചമ്പക്കുളം ബ്ലോക്കിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ

ഈയിടെ നടന്ന സാമ്പത്തികവർഷത്തിൽ ചമ്പക്കുളം വികസന ബ്ലോക്കിൻറെ ആഭിമുഖ്യത്തിൽ 1106 കിലോഗ്രാം സൂപ്പർമിൽഡിറവും [കന്നുകാലികൾക്കുള്ള ആഹാരം)24,00 കിലോഗ്രാം കേഴിത്തീറ്റയും, 374 മെച്ചപ്പെട്ടയിനം കോഴിമുട്ടകളും, 365 മെച്ചപ്പെട്ട കോഴികളും കൃഷിക്കാർക്കിടയിൽ വിതരണം ചെയ്തുപ്പെട്ടതായി ബി. ഡി. ഓ.യുടെ ഒരു റിപ്പോർട്ടിൽ പറയുന്നു. കന്നുകാലികളേയും, കോഴികളേയും, പകച്ചു് വ്യാധികളിൽനിന്നു് രക്ഷിക്കുന്നതിനായി 1057 കന്നുകാലികൾക്കും 16024 കോഴികൾക്കും കുത്തിവപ്പു നടത്തുകയും മൊത്തം 1210 മൃഗങ്ങൾക്കു ചികിത്സ നൽകുകയുംചെയ്തു. ഈ കാലത്തുതന്നെ 500 പശുക്കിടാക്കൾക്കു് കൃത്രിമബീജസങ്കലനം നടത്തി. ഇവയുടെ പുറമേ മൃഗസംരക്ഷണം, കോഴിവളർത്തൽ എന്നീ കാര്യങ്ങളിൽ പൊതുജനങ്ങൾക്കു വേണ്ടത്ര ഉപദേശങ്ങളും സഹായങ്ങളും നൽകുകയുണ്ടായി

WANTED fully qualified hands within the Prescribed age limit for appointment in Union High School Mambra H S As. Mathematics-one. Social Studies-one H. S. A. (of any subject) one Higher grade full time Malayalam-one, Higher Grade Part time Malayalam-one, Higher Grade Hindi full time one. Lower Grade Hindi full time-one, T. T. C. holders-6. Physical Instructor fulltime-one Part-timeMusic-one The posts are temporary but likely to be permanent. Retired qualified hands below 59 may also apply Apply within ten days by Reg-post to the Manager. with a copy to the D. E. O. Irinjalakuda

WANTED duly qualified hands within the prescribed age limits for appointment in the S D V. H. S. Peramangalam as 1) HSA (Mathematics 1; NaturalScience 1; Social Studies 1;) 2) Higher grade Malayalam Pandit 1; Hr: gr: P. T. Malayalam Pandit 1; Higher grade P. T. Sanskrit Pandit 1; Higher grade Hindi Pandit 1 Retired qualified hands below 59 may also apply. Apply within 10 days by registered post to the manager, S D V H.S Peramangalam with copy the D E O Trichur.

WANTED fully qualified hands within the prescribed age limit for appointment in the M A M H S Koratty as Senior Malayalam teacher and a Part time Hindi teacher (Junior) in tamporary vacancies Retired qualified teachers below 59years may also apply Apply within ten days by registered post to the Manager with copies to the Dist Edl Officer, Irinjalakuda.

M A M H S,
Koratty, Manager
18-5-1965.

WANTED fully qualified hands within prescribed age limits for appointments in School under the Management Seraphic Con G. H School Peringottukara as H S A-3 Science in Permanent and leave vacancies, 1 Mathematics and 1 Social studies in Permanent posts and 2 Malayalam permanent and temporary and one permanent High School Hindi Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager, Seraphic Convent G. H School Peringottukara with copies to the D. E O Trichur.

WANTED fully qualified hands within the prescribed age limit for appointment in School under the management of St. Mary's High School Vynthala as (1) one H. G. Hindi Pandit F. T. (2) one L. G. Hindi Pandit F. T. (3) one H. G. Mala. Pandit P. T. (4) one L. G. Drawing teacher F. T. (5) one L. G. Music teacher P. T. (6) one M. S. A. All the posts except Sl. No. 4 are temporary but likely to be made permanent. Retired qualified teachers below 59 may also apply. Apply within ten days by Regd. Post to the manager with a Copy to the D. E. O. Irinjalakuda.

WANTED 4 (four) fully qualified hands within the prescribed age limits for appointment in the S. N. U. P School, Annamanada and one Physical Instructor (P. T.) Retired qualified teachers below 59 years may also apply. Apply within ten days to the Manager of the School with a copy to the D. E. O. Chalakudy.

WANTED fully qualified hands within prescribed age limits for appointments in the school under the management of Pompei St. Mary's High School, Kattoor. H. S. A. Mathi. 1, H. S. A. Social Studies 1, H. S. A. Malayalam 2, L. P. S. A. Music 1, S. S. L. C. trained (L. P. Section) 3 in temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copies to the D. E. O. Irinjalakuda.

WANTED fully qualified hands within prescribed age limits for appointments in the School under the management of St. Mary's High School Vynthala as (1) one H. G. Hindi Pandit F. T. (2) one L. G. Hindi Pandit F. T. (3) one H. G. Mala. Pandit P. T. (4) one L. G. Drawing teacher F. T. (5) one L. G. Music teacher P. T. (6) one M. S. A. All the posts except Sl. No. 4 are temporary but likely to be made permanent. Retired qualified teachers below 59 may also apply. Apply within ten days by Regd. Post to the manager with a Copy to the D. E. O. Irinjalakuda.

WANTED 4 (four) fully qualified hands within the prescribed age limits for appointment in the S. N. U. P School, Annamanada and one Physical Instructor (P. T.) Retired qualified teachers below 59 years may also apply. Apply within ten days to the Manager of the School with a copy to the D. E. O. Chalakudy.

WANTED fully qualified hands within prescribed age limits for appointments in the school under the management of Pompei St. Mary's High School, Kattoor. H. S. A. Mathi. 1, H. S. A. Social Studies 1, H. S. A. Malayalam 2, L. P. S. A. Music 1, S. S. L. C. trained (L. P. Section) 3 in temporary vacancies. Retired qualified teachers below 59 years may also apply. Apply within 10 days by registered post to the manager with copies to the D. E. O. Irinjalakuda.

ഒരു വിദ്യാവിഹീനയുടെ ധീര സേവനം

യുവതിക്ക് പോലീസ് അവാർഡ് നൽകി

മദ്രാസ്, മേ 19

"ഞാനൊരു മദ്രാസുകാരിയല്ല; മധുരയിൽനിന്ന് വന്നവളാണ്. രണ്ടുപേർ റോഡിൽ ആസന്നമരണരായി കിടക്കുമ്പോൾ ഉൽക്കണ്ഠ കൂടാതെ എനിക്കെങ്ങനെ കടന്നുപോകാൻ കഴിയും" കഴിഞ്ഞ ശനിയാഴ്ച മദ്രാസ് റോഡിലുണ്ടായ ഒരപകടത്തിൽപ്പെട്ട് രക്തത്തിൽ കുളിച്ചുകിടന്ന രണ്ട് പൈതപ്പക്കാരെ ആശുപത്രിയിലെത്തിച്ച വിദ്യാ വിഹീനയായ പാവപ്പെട്ട ലക്ഷ്മി എന്ന 23 കാരിയാണ് ഇപ്രകാരം ചോദിച്ചത്.

ട്രാഫിക് ഹെഡ്കോൺസ്റ്റേബിൾസിൽ ഇന്ന നടന്ന ഒരു അനാർഭാടമായ ചടങ്ങിൽ ലക്ഷ്മിയുടെ ദയ നിറഞ്ഞ പ്രവൃത്തിയെ ശ്ലാഘിച്ചുകൊണ്ട് പൊലീസ് പ്രതിഫലം നൽകുകയുണ്ടായി.

കഴിഞ്ഞ ശനിയാഴ്ച ആകസ്മികമായാണ് ആളകലം കന്നം സംഭവിക്കാത്ത മട്ടിൽ നടന്നുപോയപ്പോൾ ലക്ഷ്മി ഗ്രഹത്തരമായ നിലയെപ്രാപിച്ചിരുന്ന രണ്ട് നിർഭാഗ്യവാന്മാരെ ആശുപത്രിയിൽ എത്തിച്ചു. അതിൽ രാഘവാചാരി എന്ന 38 കാരൻ ആശുപത്രിയിൽവച്ച് മരിച്ചു. അയാളുടെ സ്കൂട്ടർ ഇടിച്ച 55 വയസ്സുള്ള പാർത്ഥസാരഥി സുഖം പ്രാപിച്ചുവരുന്നു.

അഡയാർ ക്ലബ്ബ് റോഡിൽ കൂലിപ്പണിയിലേർപ്പെട്ടിരുന്ന ലക്ഷ്മി ആ സംഭവത്തെക്കുറിച്ച് ഒരു പത്രലേഖകനോട് ഇപ്രകാരമാണ് വിവരിച്ചത്.

'ഞാൻ പതിവുപോലെ തെയ്നാംപട്ടിൽ എൻറെ ജോലിസ്ഥലത്തേക്ക് നടക്കുമ്പോൾ കോൺഗ്രസ് ഗ്രൗണിനു സമീപം കുറെയേറെ ആളുകൾ കൂടിനിൽക്കുന്നതുകണ്ടു. രണ്ടുപേർ അവിടെ രക്തത്തിൽ കുളിച്ച് കിടക്കുകയായിരുന്നു. ഒരാൾക്ക് ബോധമില്ലായിരുന്നു. അയാളുടെ മൂക്കിൽനിന്നും കാതുകളിൽനിന്നും വായിൽനിന്നും രക്തമൊലിക്കുന്നുണ്ടായിരുന്നു. മറ്റേയാളുടെ കാൽ ഒടിഞ്ഞിരുന്നു. അയാൾ ശ്വാസംവിടാനായി ഞരങ്ങുകയായിരുന്നു.'

താൻ സഹായത്തിനഭ്യർത്ഥിച്ചപ്പോൾ നല്ല വസ്ത്രങ്ങൾ ധരിച്ച് ഈ കാഴ്ച കാണാൻ കൂടിയിരുന്നവർ തന്നെ തുറിച്ചുനോക്കിയതു വേദനയോടെ ലക്ഷ്മി വിശദമാക്കി. 'അവരൊക്കെ വിദ്യാഭ്യാസമുള്ള ആളുകളാണ്. പക്ഷേ ആരും കാരുണ്യം കാണിക്കാൻ മുന്നോട്ട് വന്നില്ല. പലരും ഒളിഞ്ഞുനോക്കിയിട്ട് നടന്നുപോകുന്നുണ്ടായിരുന്നു...." കൂട്ടമേധുവിൽ ഒരു കൂടിലിൽ കഴിയുന്ന ലക്ഷ്മി ദിവസവും കൂലിപ്പണിയിലേർപ്പെട്ടാണ് ഒന്നര രൂപ സമ്പാദിക്കുന്നത്.

അവളുടെ ശ്രമം പിന്നീടൊരു ടാക്സി ലഭിക്കുന്നതിനായിരുന്നു. ആദ്യത്തെ ടാക്സികാർ നിറുത്താതെ പോയി. ഉടൻ വന്ന നാല് ടാക്സിക്കാരും രക്തത്തിൽ കുതിന്ന ആളുകളെ തങ്ങളുടെ കാറിൽ കൊണ്ടുപോകാൻ വിസമ്മതിച്ചു. അവസാനം ഒരു ടാക്സിക്കാരനെ വശത്താക്കാൻ അവൾക്കു കഴിഞ്ഞു. കൈയ്യിൽ കാശില്ലാതിരുന്നതിനാൽ കാർ വാടകയ്ക്കു പകരം തൻറെ മൂക്കുകുത്തി നൽകാമെന്ന് ലക്ഷ്മി പറഞ്ഞു.

"ഈ ആളുകളെ നിങ്ങളെപ്പോലെ ഒരു സ്ത്രീക്ക് സഹായിക്കാമെങ്കിൽ ഞാനെൻറെ പങ്ക് നിവ്വഹിക്കാം" എന്ന് ഡ്രൈവർ പറഞ്ഞു.

രാംസിംഗ് എന്ന മദ്രാസ് തൊഴിലാളിയുടെ സഹായത്തോടെ അവൾ രണ്ടുപേരെയുംകൊണ്ടുപോയി. 'എൻറെ മഞ്ഞസാരി രക്തംനനഞ്ഞ് ചുവപ്പായിത്തീർന്നു'വെന്ന് അവൾ പറഞ്ഞു.

ആശുപത്രിയിലെത്തിയശേഷം വാടകവാങ്ങിക്കാൻ നിൽക്കാതെ തൻറെ അഡ്രസ്സ് നൽകിയശേഷം ഡ്രൈവർ സ്ഥലംവിട്ടു.

രണ്ടുപേരും അബോധാവസ്ഥയിൽകിടന്ന വർഡ്വിലേക്ക് കടക്കാൻ തന്നെ അനുവദിക്കുകയുണ്ടായില്ലായെന്നും ലക്ഷ്മി പറഞ്ഞു. 'അവർ ഞരങ്ങുന്ന ശബ്ദം എനിക്ക് കേൾക്കാമായിരുന്നു. കത്തിവയ്ക്കാൻ സൂചികളുമായി ആളുകൾ അകത്തേയ്ക്കുപോയി. കുറെ സമയം കഴിഞ്ഞ് ഒരാൾ പുറത്തുവന്ന പറഞ്ഞു, ഞാൻ കൊണ്ടുവന്നതിൽ ഒരാൾ മരിച്ചുപോയി എന്ന്.'

ബന്ധുക്കൾ എത്തിച്ചേരുന്നതുവരെ അവരെ വാർഡിൽത്തന്നെ കാത്തുനിന്നു. 'മൃതദേഹത്തെയും കൈവിട്ടിട്ട് എനിക്കെങ്ങനെ പോകാൻ കഴിയും. അതുകൊണ്ട് മൃതദേഹത്തെ ഒരു ജഡ്ഡ്ക്കയിൽ കയറ്റി റോയപ്പെട്ട ജനറൽ ആശുപത്രിയിൽ എത്തി. അവിടെയും എനിക്ക് പ്രവേശനം നിഷേധിച്ചിരുന്നു. ഞാൻ വൈകുന്നേരം 6 മണിവരെ അവിടെത്തന്നെ കാത്തുനിന്നു. മൃതദേഹംദഹിപ്പിച്ചതന്നശേഷം ശവദാഹയാത്രയിൽ ഞാനും പങ്കുകൊണ്ടു.

ഈ സംഭവത്തെപ്പറ്റി ഒരാൾ തങ്ങളെ അറിയിക്കുകയാണുണ്ടായതെന്നും സംഭവസ്ഥലത്തെത്തിയപ്പോൾ ഒന്നും കാണാനുണ്ടായിരുന്നില്ലെന്നും പോലീസ് പറഞ്ഞു.

ലക്ഷ്മി വളരെയേറെ ആത്മാർത്ഥതയും സത്യസന്ധതയുമുള്ളവളാണെന്നാണ് അവളുടെ ജോലിസ്ഥലത്തുള്ളവർക്കെല്ലാം അറിയാൻ കഴിഞ്ഞതും.

ഒരു പുതിയ കെട്ടിടം പണിയിലേർപ്പെട്ടിരുന്ന ലക്ഷ്മിയെ പത്രപ്രതിനിധികൾ കാണുമ്പോൾ അവൾ കുറെ ചെങ്കല്ലും തലയിലെടുത്തുകൊണ്ട് ഭർത്താവിനു സമീപം നിൽക്കുകയായിരുന്നു. അവളുടെ സാരി പൊടിയണിഞ്ഞ നിലയിലായിരുന്നു. പക്ഷേ കണ്ണ് അവളിൽ തിളങ്ങുകയായിരുന്നു— അവളണിഞ്ഞിരുന്ന മൂക്കുത്തി.

[സ.ല.]

ലോറി മറിഞ്ഞ് 25 പേർക്ക് പരിക്ക്

(സ.പ്ര) ചാലക്കുടി, മേ. 18

ആനമല 34-ാംമൈലിൽ വെച്ച് ഒരു ലോറി പാടത്തേയ്ക്കു മറിഞ്ഞതിന്റെ ഫലമായി 25 പേർക്ക് പരിക്കേറ്റിരിക്കുന്നു.

ഇവരിൽ 12 സ്ത്രീകളേയും 6 പുരുഷന്മാരേയും ചാലക്കുടി ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ളവരെ പ്രഥമശുശ്രൂഷകൊടുക്കശേഷം വിട്ടയച്ചു.

വരന്തരപ്പിള്ളിക്കാരനായ ഡ്രൈവർ തങ്കപ്പനും പരിക്കോറ്റ് ആസ്പത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടവരിലുൾപ്പെടുന്നു.

....

ചെങ്ങന്നൂരിലെ മെമ്പർ ഇറി: പ്രവർത്തനങ്ങൾ

പതിനൊന്നേമുക്കാൽ ലക്ഷം രൂപ അനുവദിച്ചു

ആലപ്പുഴ മെയ് 19

ചെങ്ങന്നൂർ ഡിവിഷനിലെ മൈനർ ലിഫ്റ്റ്, മീഡിയം, എന്നീ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കായി 65-66, സാമ്പത്തിക വർഷത്തിൽ മൊത്തം 11,71,600 രൂപാ നീക്കി വെച്ചിട്ടുള്ളതായി എക്സി. എൻജിനീയർ അറിയിക്കുന്നു. ഇതിൽ 7,62,000 രൂപാ മീഡിയം ഇറിഗേഷൻ പ്രവർത്തനങ്ങൾക്കും 3,44,600 രൂപാ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനങ്ങൾക്കും 65000 രൂപാ മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങൾക്കുമാണ് വകകൊള്ളിച്ചിട്ടുള്ളത്.

വെട്ടേറ്റ് ആശുപത്രിയിൽ

(സ.ല) ചാലക്കുടി, മേ. 17

ഇന്നലെ രാത്രി പരിയാരത്തിന് കിഴക്ക് തുമ്പാക്കോട്ട് എന്ന സ്ഥലത്തുവെച്ച് വെട്ടേറ്റ് ഗുരുതരമായ പരിക്കുകളോടെ കൈതാരൻ ഔസേപ്പ് കൊച്ചുവ എന്നയാളെ സ്ഥലം ആശുപത്രിയിൽ കൊണ്ടുവന്ന പ്രാഥമശുശ്രൂഷകൊടുക്കശേഷം വിട്ടയച്ചു. തുടർന്ന് ചാലക്കുടി പോലീസ് ഇതുസംബന്ധിച്ച് ഒരു കേസ്സെടുത്തു് അന്വേഷണം നടത്തിവരുന്നു.

—o—

മത്സ്യങ്ങളിൽ ഡി. ഡി. റ്റി.

ന്യൂഡെൽഹി, മേ. 19

തീരെ മനുഷ്യവാസമില്ലാത്തതും, ദക്ഷിണധ്രുവപ്രദേശത്തുള്ളതുമായ അന്റാർട്ടിക സമുദ്രത്തിൽ ജീവിക്കുന്ന പെൻഗ്വിൻ, സീൽ എന്നീ മത്സ്യങ്ങളിൽ ഡി. ഡി. റ്റി. എന്ന കീടനാശിനി അടങ്ങിയിരിക്കുന്നതായുള്ള ഞെട്ടിപ്പിക്കുന്നതും, അത്യന്തകരവുമായ ഒരു കണ്ടുപിടിത്തം അമേരിക്കൻ ശാസ്ത്രജ്ഞന്മാർ വെളിപ്പെടുത്തിയിരിക്കുന്നു. മനുഷ്യരിൽനിന്നും, മാനുഷികസംസ്കാരത്തിൽനിന്നും ആയിരമായിരം മൈലുകൾ അകലെ കഴിയുന്ന ഈ ജീവികളിൽ മനുഷ്യനുമിത്രമായ ഡി. ഡി റ്റി. എന്ന കീടനാശിനി എങ്ങനെ കടന്നുകൂടിയെന്നുള്ളതു് ഇന്നും വിദഗ്ധർക്ക് അമ്പരപ്പുളവാക്കിയിരിക്കുകയാണ്. ഇതേക്കുറിച്ചുള്ള വിശദാംശങ്ങൾ നിഗമനങ്ങൾ താഴെ കൊടുക്കുന്നവയാണ്.

ഡി. ഡി. റ്റി. അകപ്പാട്ടിക് ഫുഡ് ചെയിനിൽ ചേരുന്നു. മാനുഷിക ആഹാരത്തിന്റെ ഒരു ഭാഗമാണ് ഈ അകപ്പാട്ടിക് ഫുഡ് ചെയിൻ. പ്ലാൻക്ടൻ എന്നറിയപ്പെടുന്ന അതിസൂക്ഷ്മങ്ങളായ കടൽചെടികളിലും, അതുപോലെയുള്ള സൂക്ഷ്മ വസ്തുക്കളിലുമാണ് ഈ ചെയിൻ ആരംഭിക്കുന്നതു്. സഞ്ചാരം നടത്തുന്ന ഈ ചെയിൻ ഒടുവിൽ അന്റാർട്ടിക പ്രദേശത്തുള്ള ജന്തുക്കളെ ഭക്ഷിക്കുന്ന മത്സ്യങ്ങളിൽ എത്തിച്ചേരുന്നു.

യു. എസ്. ഫിഷ് ആന്റ് വൈൽഡ് ലൈഫ് സർവ്വീസ് നടത്തിയ ഒരു പഠനത്തിൽ ചിപ്പിക്കളിൽ അവയുടെ പരിസരങ്ങളിലുള്ള മറ്റു ജന്തുക്കളിലുള്ള 7,000 മടങ്ങ് കൂടുതൽ ഡി. ഡി. റ്റി. കണികകളും ഉള്ളതായി തെളിഞ്ഞിട്ടുണ്ട്. കീടനാശിനികളിൽനിന്നുള്ള വിഷപ്രയോഗമേറ്റ് അമേരിക്കയുടെ കിഴക്കേ തീരത്തുള്ള സീനോക്സ്സ് എന്ന പക്ഷിവർഗ്ഗം മിക്കവാറും നാമാവശേഷമായിരിക്കുന്നതു് മറ്റൊരു കാര്യവുമാണ്. ഇതു് മനുഷ്യനെ എങ്ങിനെ ബാധിക്കുമെന്നുള്ളതാണിപ്പോഴത്തെ പ്രശ്നം.

(കേരളാപ്രസ്സ്)

....o....

സലാം_അലേക്കും

പ്രധാനമന്ത്രി ശാസ്ത്രിക്ക് താഷ്കണ്ടിൽ ഹൃദ്യമായ സ്വീകരണം

ഒരാഴ്ചത്തെ സോവ്യറ്റ് സന്ദർശനത്തിനു ശേഷം ഇന്ത്യയിലേയ്ക്ക് മടങ്ങുന്നു

പി. ടി. ഐ താഷ്കണ്ട് മേ. 19

കിഴക്കിൽനിന്നും ഇന്നലെ രാത്രി ഇവിടെ എത്തിയ പ്രധാനമന്ത്രി ശാസ്ത്രിക്ക് ഹൃദയംഗമമായ ഒരു സ്വീകരണമാണ് താഷ്കണ്ട് പൌരന്മാർ നല്കിയതു്. വിമാനത്തിൽനിന്നും ഇറങ്ങിയ പ്രധാനമന്ത്രിക്ക് കുട്ടികൾ ബൊക്കെ സമർപ്പിക്കുകയും സലാം-അലേക്കും പറഞ്ഞുകൊണ്ട് അഭിവാദ്യംചെയ്യുകയുമുണ്ടായെന്ന് പി. ടി. ഐ. സ്റ്റാഫ് ലേഖകനായ ബി. ആർ. വാട്സ് എഴുതുന്നു.

പ്രധാനമന്ത്രി ബൊക്കെകൾ സ്വീകരിക്കുകയും സലാം-അലേക്കും പറഞ്ഞ് പ്രത്യഭിവാദ്യംചെയ്യുകയുംചെയ്തു.

ഉസ്ബെക്കിസ്ഥാൻ പ്രധാനമന്ത്രി മി. കർബനോവും മന്ത്രിസഭാംഗങ്ങളും മി. ശാസ്ത്രിയെ സ്വീകരിക്കുവാൻ വിമാനത്താവളത്തിൽ എത്തിച്ചേർന്നിരുന്നു. താപം 30 ഡിഗ്രി സെൻറിഗ്രേഡിലായിരുന്നിട്ടുപോലും കാലാവസ്ഥ ശീതളമായിരുന്നു. സോവ്യറ്റ് യൂണിയനിലെ ഒരാഴ്ചത്തെ സന്ദർശനത്തിനുശേഷം പ്രധാനമന്ത്രി ഇന്ന് രാത്രി താഷ്കണ്ട് വിടുന്നതായിരിക്കും. നെഹ്രുവിനെസംബന്ധിച്ച ഒരു പ്രമേയം ഇവിടംവിടുന്നതിനുമുമ്പ് മി. ശാസ്ത്രി ഉൽഘാടനംചെയ്യും. ഈ പ്രമേയം, മോസ്കോയിലും ലെനിൻഗ്രാഡിലുംഇതിനകം പ്രശംസിപ്പിക്കപ്പെട്ടുകഴിഞ്ഞു.

സമാധാനപരമായ സഹവർത്തിത്വത്തിന്റെ പുതിയ ഒരാശയമാണ് സോവ്യറ്റ് യൂണിയൻ വെച്ചിട്ടുള്ളതെന്നും സമാധാനം ശക്തിപ്പെടുത്തുന്നതിനായി മറ്റരാഷ്ട്രങ്ങളും ഇതു് സ്വീകരിക്കണമെന്നും മി. ശാസ്ത്രി കീവിൽവെച്ച് പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്തിരുന്നു. യുക്രെനിൽ പ്രധാനമന്ത്രി മി. കാസനെറ്റ് നല്കിയ ഒരു വിരുന്നസല്കാരത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്ന അദ്ദേഹം. സമാധാനപരമായ സഹവർത്തിത്വസിദ്ധാന്തം ലോകം അംഗീകരിക്കുകയാണെങ്കിൽ അണുവായുധനിരോധനം പൊതുവായുള്ള നിരായുധീകരണം എന്നിവയിലേയ്ക്കുള്ള പുരോഗതി അനായാസം കൈവരിക്കുവാൻ കഴിയുമെന്നും മി. ശാസ്ത്രി പറഞ്ഞു.

യുക്രൈൻ ജനതയുടെ ധീരതയെ മി. ശാസ്ത്രി പ്രകീർത്തിച്ചു. കഴിഞ്ഞ യുദ്ധത്തിൽ ലക്ഷക്കണക്കിനു് യുക്രൈൻ ജനങ്ങൾ കൊല്ലപ്പെടുകയുണ്ടായി.

ലക്ഷക്കണക്കിനു് ജനങ്ങൾപാർക്കുകയും സിറിറിയുടെ പുനഃനിർമ്മാണമുൾപ്പടെ, ത്യാഗത്തിനേറെയും സ്വരാജ്യസ്നേഹത്തിനേറെയും ഒരു മാതൃക നിങ്ങൾ ലോകത്തിനുമുമ്പിൽ സമർപ്പിച്ചു. ഞങ്ങൾ സദാ അതു സ്മരിക്കും. അതിൽനിന്നു് പ്രചോദനം നേടുകയും ചെയ്യുമെന്നും മി. ശാസ്ത്രി പറഞ്ഞു.

സോവ്യറ്റ് യൂണിയനും ഇന്ത്യയുമായുള്ള സുഹൃത്ബന്ധം ഉറച്ചതാണെന്നും ഈ സൗഹൃദത്തിൽ ഇരുരാഷ്ട്രങ്ങളും കണ്ണിചേർത്തിരിക്കുന്നുവെന്നും അവയെ വേർതിരിക്കുവാൻ കഴിയില്ലെന്നും, നേരത്തെ യുക്രൈൻ പ്രധാനമന്ത്രി പറഞ്ഞു. സോവ്യറ്റ് യൂണിയൻ, അവളുടെ യഥാർത്ഥ സുഹൃത്തുക്കളുടെ നേരെ അനുവർത്തിക്കുന്ന നയം നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കും. വിയറ്റ്നാമിലെ അമേരിക്കൻ ഇടപെടലിനെ അദ്ദേഹം അപലപിച്ചു. യുദ്ധത്തിനൊ അപകടം ഒഴിവാക്കുവാൻ സമാധാനത്തിന്റെ അനുകൂലികൾ കഴിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യയുടെ വ്യവസായവൽക്കരണത്തെ യുക്രൈൻ സഹായിക്കുന്നുണ്ട്. ഇന്ത്യയുടെ സാമ്പത്തിക-വ്യവസായ വികസനം മെച്ചപ്പെടുത്തുന്നതിനായി 160-യുക്രൈയിൻ സാങ്കേതികവിദഗ്ദ്ധന്മാർ ഇന്ത്യയിൽ ജോലിയെടുക്കുന്നുണ്ട്. ബൂഖിമുട്കാം എണ്ണയെന്നെയായിരുന്നാലും ഇന്ത്യൻ പ്ലാൻറുകളിൽനിന്നുള്ള എല്ലാ ഓർഡറുകളും പൂർണ്ണമായും നിവ്വഹിക്കപ്പെടുന്നുവെന്നും അദ്ദേഹം പറഞ്ഞു.

....

സഹകരണ പ്രസ്ഥാനത്തിൽ ഒന്നാംസ്ഥാനം മഹാരാഷ്ട്രയ്ക്ക്

ബോംബെ, മേയ് 19

സഹകരണപ്രസ്ഥാനത്തിൻറെ വിജയകരമായ പ്രവർത്തനത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളേക്കാൾ മഹാരാഷ്ട്രാസംസ്ഥാനം വളരെ മുൻപന്തിയിലാണെന്ന് കമ്മ്യൂണിറ്റി ഡെവലപ്പ്മെൻറ് ആന്റ് കോ-ഓപ്പറേഷൻമന്ത്രി ശ്രീ. എസ്. കെ. ഡേപ്പ സ്ഥാനവിച്ചിരിക്കുന്നു.

പഞ്ചായത്തുരാജുകളും സഹകരണപ്രസ്ഥാനങ്ങളും വളരെ നന്നായി മഹാരാഷ്ട്രയിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നും മറ്റു സംസ്ഥാനങ്ങളിലെ പ്രതിനിധികൾ മഹാരാഷ്ട്രയിലെ പഞ്ചായത്തുരാജുകളും സഹകരണസംഘടനകളും സന്ദർശിച്ച് അവയുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി പഠിക്കണമെന്നും അദ്ദേഹം പറയുകയുണ്ടായി.

....o....

ഗോവയിൽ വൈദ്യുതാവശ്യങ്ങൾ

(പി. ടി. ഐ) പഞ്ചിം മെയ് 19

ഗോവയുടെ വിദ്യുച്ഛക്തിയാവശ്യങ്ങൾ അയൽസംസ്ഥാനങ്ങളുടെസഹകരണത്തോടെ പരിപൂർണ്ണമായും പരിഹരിക്കുമെന്ന് പ്ലാനിംഗ് കമ്മീഷൻ അംഗമായ പ്രൊ. എം. എസ്സ്. താക്കർ ഇന്നിവിടെ വെച്ച് പ്രസ്താവിച്ചിരിക്കുന്നു. അതിർത്തിപ്രദേശത്തെ വൈദ്യുത പ്രശ്നങ്ങളും നേരിട്ട് കണ്ട മനസ്സിലാക്കുന്നതിനും പ്രൊ. താക്കർ ഗോവയിൽ ഒരു സന്ദർശനം നടത്തിക്കൊണ്ടിരിക്കുകയാണിപ്പോൾ.

—

ചാഞ്ചാട്ടത്തു

(സ.ല) ചാലക്കുടി, മേ. 18

ഇവിടത്തെ ആശുപത്രിയിലെ മെഡിക്കലോഫീസറായി നിയമിതനായിരിക്കുന്ന ഡോ. ഇ. ആർ. ജേക്കബ്ബ് ഇന്നിവിടെയെത്തി ചാർജ്ജേറ്റെടുത്തിരിക്കുന്നു.

....

ഒരു തട്ടിപ്പുകാരൻ അറസ്റ്റിൽ

മണ്ണത്തിയിൽ നടന്ന സംഭവം

മണ്ണത്തി മെ. 19

അതിവിദഗ്ദ്ധമാംവണ്ണം ഒരു തട്ടിപ്പ് നടത്തുകയും അതിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള കുറുക്കുവഴികാണാതെ കുടുങ്ങുകയും ചെയ്ത പാലാ സ്വദേശിയായ തോമാസ് എന്നാളെ കസബാ പോലീസ്സ്റ്റേഷനിലെ ഗംഗാധര മേനോൻ പാർട്ടിയും കസ്റ്റഡിയിലെടുത്തിരിക്കുന്നു.

ഈ അറസ്റ്റിനുപിന്നിലെ സംഭവങ്ങൾ രസാവഹങ്ങളാണ്. തൊടുപുഴ സ്വദേശിയായ ഒരാളുടെ കുറെ സംഖ്യ നഷ്ടപ്പെട്ടതിനെ തുടർന്നുവായതാണ് ഈ സംഭവവികാസങ്ങളെന്നു് മനസ്സിലാക്കുന്നു.

തനിക്ക് വലിയ ചില കുടുംബങ്ങളുമായി ബന്ധമുണ്ടെന്നും എസ്റ്റേറ്റും മറ്റും ഉള്ള ആളാണെന്നും പറഞ്ഞ് മണ്ണത്തിയിൽ സി. ഡി. സ്റ്റാന്റിയുടെ കടയിൽ കുറച്ചുദിവസംമുമ്പ് ഇയാൾ വന്നിരുന്നു എന്നറിയുന്നു. അവിടെവെച്ച്, തൻറെ എസ്റ്റേറ്റിൽ ജോലി നൽകാമെന്നു് സ്റ്റാന്റിയുടെ സഹോദരൻ മാത്യുവിനെ ഇയാൾ പറഞ്ഞു ഫലിപ്പിച്ചു. തൃശൂരിലെ രാധാകൃഷ്ണ ലോഡ്ജിൽവെച്ച് ഒരു ഇൻറർവ്യൂവും നടത്തി. അതിനുശേഷം തൊടുപുഴയിലെ ഐപ്പ് വർഗ്ഗീസ് എന്നാളുടെ അടുത്തേക്ക്, അവിടെയുള്ള തോമാസിൻറെ ഒരു പെട്ടി കൊണ്ടുവരാനെന്നും പറഞ്ഞ് മാത്യുവിനെ എഴുത്തുമായി വിട്ടു. മാത്യു തൊടുപുഴയിലെത്തിയതിനെത്തുടർന്ന് ഐപ്പ് വർഗ്ഗീസ് പോലീസിൽ വിവരമറിയിച്ചു കത്തിൽ എന്താണെഴുതിയിരുന്നതെന്നു് മാത്യുവിനും അറിയില്ലായിരുന്നു.

തൊടുപുഴയെത്തിയ മാത്യു തിരിച്ചെത്തിയോ എന്നു് ഫോണിൽ മണ്ണത്തിയിലേക്ക് അന്വേഷണംനടത്തിയ തോമാസിനെയായാൾ മുമ്പ് ഒരു എസ്റ്റേറ്റ് വാങ്ങുന്നകാര്യം പറഞ്ഞിരുന്നുവ് കാമ്പ്രപ്പെടുത്തിക്കൊണ്ടു് സണ്ണി മണ്ണത്തിയിൽ വിളിച്ചുവരുത്തി. ഇതിനിടയിൽ തൊടുപുഴ സ്റ്റേഷനിൽ ഫോൺമാർഗ്ഗം വിവരം അറിയിച്ചു. ഏതാനും മണിക്കൂറിനുള്ളിൽ, തൊടുപുഴ പോലീസിൻറെ ആവശ്യമനുസരിച്ച് കസ്ബാ പോലീസ് അന്വേഷണം നടത്തി. തോമാസിൻറെ പക്കൽനിന്നു 580 രൂ. അടക്കം എണ്ണൂറ് രൂ യോളം വിലവരുന്ന സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നാണ് പോലീസ് പറഞ്ഞതു്. ഇയാളുടെ പെട്ടിയിൽ ഒരു കാരിയുണ്ടെന്നും, തൊടുപുഴയിൽനിന്നും ആറായിരത്തോളം രൂ തട്ടിച്ചിട്ടുണ്ടെന്നും ഇയാൾ തന്നെ പലരിൽനിന്നും ഇയാൾ തട്ടിപ്പ് നടത്തിയിരിക്കുന്നു എന്നും മറ്റും കേട്ടുങ്ങൾ പറയുന്നു.

....

ഗ്രഡ്സ്ടെയിൻ മറിഞ്ഞു

[പി ടി ഐ] മദ്രാസ് മെ. 18

ഇങ്കക്കൽ ഡിവിഷനിൽ പെട്ട കലശമുരം—മലകാവിമല എന്നീ സ്റ്റേഷനുകൾക്കിടയിൽവെച്ച് ഒരു ഗ്രഡ്സ് ടെയിൻ മറിഞ്ഞതിൻറെ ഫലമായി ഗതാഗതം കുറച്ചുനേരത്തേയ്ക്കു് സ്തംഭിക്കുകയുണ്ടായി. നാശനഷ്ടങ്ങൾ സംഭവിച്ചതായി അറിവില്ലായിരുന്നു.

....

ദക്ഷിണ കൊറിയയ്ക്കുള്ള അമേ സഹായം ഇരുപ്രസിഡണ്ടുമാരും യോജിപ്പിലെത്തി

(എ, എഫ്. പി.)

വാഷിങ്ടൺ മെ 18

കൊറിയയ്ക്കുള്ള അമേരിക്കൻ സാമ്പത്തിക-സൈനികസഹായങ്ങൾ ഉടനെ തന്നെ പ്രതിജ്ഞചെയ്തുകൊണ്ടുള്ള ഒരു സംയുക്ത കമ്മ്യൂണിക്കെ സംബന്ധിച്ച് പ്രസിഡണ്ട് ജോൺസണും ദക്ഷിണകൊറിയൻ പ്രസിഡണ്ട് മി. പുങ്ങ ഹൈസ്പ്പാക്കും ഇന്ന് യോജിപ്പിലെത്തിയിരിക്കുന്നു. ദീർഘകാല വായ്പയെന്നനിലയിൽ കൊറിയയ്ക്ക് 15 കോടി അമേരിക്കൻ ഡോളർ നൽകുന്നതിനും കൊറിയയുടെ സംരക്ഷണത്തെ ഉറപ്പുവരുത്തുന്നതിനും അമേ. സൈനികസഹായം തുടരുന്നതിനും ഉള്ളതിപ്പിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

....

ഉതാണ്ടിൻറെ അഭ്യർത്ഥന

(റോയിട്ടർ] ഐക്യരാഷ